REEHO D'EVANGELION
സുവിശേഷത്തിന്റെ പരിമളം
ܪܝܚܐ ܕܐܘܢܓܠܝܘܢ
മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം
വാല്യം : 9 ലക്കം : 1 മാർച്ച് 2023 പേജ് 16 ത്രൈമാസിക

സിനഡാത്മകതയിൽ വിരിയുന്ന പ്രേഷിത വസന്തം

ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്
മിഷൻ കോർഡിനേറ്റർ, പാറശ്ശാല ഭദ്രാസനം

മൂന്നാം സഹസ്രാബ്ദത്തിലെ തിരുസഭ അവളുടെ ജീവിതത്തിലും നിയോഗത്തിലും എങ്ങനെയായിരിക്കണം എന്ന അന്വേഷണത്തിനും പര്യാലോചനകൾക്കും പ്രാർത്ഥനകൾക്കും സ്വർഗം വെളിപ്പെടുത്തിയ രഹസ്യമാണ്, സുന്നഹദോസ് ആയിരിക്കുക എന്നത്. സുന്നഹദോസ് ശൈലി കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് തിരിച്ചറിഞ്ഞ സാർവത്രിക സഭാദ്ധ്യക്ഷൻ പരി. ഫ്രാൻസിസ് പാപ്പാ സഭയുടെ എല്ലാ മേഖലകളിലും കൂട്ടായ്മയുടെ സമീപനവും ശൈലിയും സജീവമായി സ്വീകരിക്കണമെന്ന് ആഹ്വാനം ചെയ്യുമ്പോൾ, ഒഴിച്ചുകൂടാനാവാത്ത സഭയുടെ നിയോഗമായ പ്രേഷിത പ്രവർത്തനങ്ങളിലും ആ സുന്നഹൂദോസ് ശൈലി അനിവാര്യമാണെന്ന് ഉറപ്പിച്ചു പറയുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ പ്രധാന മൂന്നു വാക്കുകളിൽ സുന്നഹദോസിനെ സംഗ്രഹിക്കുമ്പോൾ സഭയുടെ കൂട്ടായ്മ ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് അവളുടെ പ്രേഷിത വളർച്ച തന്നെയാണ്. അതുകൊണ്ട് സഭയുടെ ദൈവദത്തമായ പ്രേഷിത നിയോഗത്തെ സിനഡാത്മകതയുടെ പശ്ചാത്തലത്തിൽ പുനർവായിക്കാനുള്ള പരിശ്രമമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം

ത്രിത്വ കൂട്ടായ്മയുടെ പ്രേഷിത നിയോഗം

ലോകത്തെ വീണ്ടെടുക്കാനുള്ള ത്രിയേക ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലാണ് തിരുസഭയുടെ പ്രേഷിത നിയോഗങ്ങളുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനം. രക്ഷാകര പദ്ധതി ത്രിയേക ദൈവത്തിന്റെ ഒരു കൂട്ടായ പ്രവർത്തനമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരുപോലെ ഈ പ്രവർത്തനത്തിൽ പങ്കാളികളാണ്. സൃഷ്ടികർമ്മം നടത്തിയ പിതാവ് തന്റെ ഏകജാതനെ ലോകത്തിലേയ്ക്ക് അയച്ചുകൊണ്ട് തുടക്കംകുറിച്ച രക്ഷാകര നിയോഗം, മനുഷ്യാതാരത്തിലൂടേയും പീഡാസഹന രഹസ്യങ്ങളിലൂടേയും വചനമായ പുത്രൻ തമ്പുരാൻ പൂർണതയിലെത്തിച്ചപ്പോൾ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ് ഈ പദ്ധതി ലോകാവസാനത്തോളം തുടരാനും അവസാനത്തെ ആളെയും ഇതിൽ കൂട്ടിച്ചേർക്കാനുമുള്ള രക്ഷാകര പ്രവർത്തന തുടർച്ച ഉറപ്പാക്കുകയാണ്. രക്ഷ സാർവത്രികമായതുകൊണ്ട് അതിനായുള്ള പ്രവർത്തനങ്ങളും സാർവത്രികമായിരിക്കണം. അതുകൊണ്ടാണ് സഭയുടെ പ്രേഷിത പ്രവർത്തനം സ്ഥലകാല പരിമിതികളെ ഭേദിച്ചുകൊണ്ട് സാർവത്രികമായി തുടരുന്നത്.

പാപംമൂലം നിത്യജീവൻ നഷ്ടപ്പെടുത്തിയ മനുഷ്യകുലത്തെ ഉപേക്ഷിക്കുകയല്ല, മറിച്ച്, അവരെ വീണ്ടെടുക്കാനായി ചരിത്രത്തിൽ ഒരു ബൃഹത്തായ പദ്ധതി ദൈവം തയ്യാറാക്കി. ഒരു ജനതയെ പ്രത്യേകം തെരഞ്ഞെടുത്ത് അവരിലൂടെ രക്ഷയുടെ രഹസ്യം ഘട്ടംഘട്ടമായി ലോകത്തിന് വെളിപ്പെടുത്തി. കാലപൂർണതയിൽ തന്റെ പുത്രനിലൂടെ പൂർണമായി വെളിപ്പെടുത്തിക്കൊണ്ട് (ഹെബ്ര 1:1-2) ദൈവം രക്ഷാകര ചരിത്രത്തിൽ എല്ലാവരേയും പടിപടിയായി ഉൾചേർക്കുന്ന ശൈലിയാണ് ചരിത്രത്തിൽ നാം കാണുന്നത്. സാർവത്രിക രക്ഷയെന്ന പരമപ്രധാനമായ ലക്ഷ്യം നേടിയെടുക്കാൻ രക്ഷാകരപദ്ധതിയിൽ എല്ലാവരും പങ്കാളികളാകണം. ത്രിത്വത്തിലെ കൂട്ടായ്മ അവർ പരസ്പരമുള്ള പങ്കാളിത്തത്തിലേയ്ക്കും ഒന്നിച്ചുള്ള പ്രേഷിത നിയോഗത്തിലേയ്ക്കുമാണ് നയിക്കുന്നത്. ത്രിയേക ദൈവത്തിന്റെ കൂട്ടായ പരിശ്രമം മാത്രമല്ല മനുഷ്യരുടെ മുഴുവൻ കൂട്ടായ പരിശ്രമവും രക്ഷാകര പ്രവർത്തനത്തിൽ അനിവാര്യമാണ്.

തിരുസഭ രക്ഷാകരപദ്ധതിയുടെ തുടർച്ച

ചരിത്രത്തിൽ വെളിപ്പെടുത്തപ്പെട്ട രക്ഷാകര പദ്ധതി ക്രിസ്തുവിന്റെ പീഢാരഹസ്യങ്ങളിലൂടെ പൂർണതയിലെത്തിച്ചേർന്നു. ഈ രക്ഷാകരപ്രവർത്തനം ലോകാവസാന

(തുടർച്ച 2-ാം പേജിൽ)

ഉൾപേജുകളിൽ

നോമ്പുകാലത്തിന്റെ നോവുകൾ 3
മുഖമൊഴി, ധ്യാനചിന്ത 5
മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ 6,7
അനുഭവ സാക്ഷ്യം 7, 9, 10, 11, 12
ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു 12



ഈസ്റ്റർ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു

സിനഡാത്മകത സഭയിൽ പങ്കാളിത്തവും മിഷനും

ഫാ. വർഗീസ് വിനയാനന്ദ് OIC
വികാരി ജനറൽ, ഗുഡ്ഗാവ് ഭദ്രാസനം

ആമുഖം

"സിനഡാത്മകതയുടെ പാതയാണ് ദൈവം സഭയിൽ നിന്ന് മൂന്നാം സഹസ്രാബ്ദത്തിൽ ആഗ്രഹിക്കുന്നത്" എന്ന് പറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ സഭയുടെ ജീവിതത്തിലും ദൗത്യത്തിലും സിനഡാത്മകതയുടെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുന്നത്. സാഹസികമായ ഒരു യാത്രയ്ക്കുള്ള ക്ഷണമാണിത്. ആത്മീയ ബലം ആവശ്യപ്പെടുന്ന ഒരു യാത്രയാണിത്. പരിശുദ്ധാത്മ പ്രചോദനങ്ങളെ വിവേചിച്ചറിയേണ്ട യാത്രയാണിത്. ഈ യാത്രയിൽ സഭയുടെ പങ്കാളിത്തവും മിഷനും എന്ന ദർശനം നമുക്ക് കൂടുതൽ വ്യക്തതയും ഊർജ്ജവും നൽകുന്നു.

''ഞങ്ങൾക്ക് ആഴ്ചയിൽ ഒരു കുർബാന ലഭിക്കുവാനുള്ള ക്രമീകരണം ഫാദർജി ചെയ്യണം''. കഴിഞ്ഞ ഏഴ് വർഷത്തിൽ അധികമാകാത്ത, ക്രിസ്തുവിശ്വാസത്തിൽ കൂദാശ ജീവിതം ആരംഭിച്ച രാജസ്ഥാൻ മിഷനിലെ ഒരു അല്മായ നേതാവിന്റെ ആവശ്യം അപേക്ഷ രൂപേണ സമർപ്പിച്ചതാണ് ഇത്. കൊറോണ മഹാമാരി സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കം മിഷനുകളെ ബാധിച്ചിരിക്കുന്ന അവസരമാണിത്. മുൻകാലങ്ങളിൽ നിങ്ങൾക്ക് നൽകിയ സഹായങ്ങൾ ഇപ്പോൾ നൽകാൻ സാധിക്കുന്നില്ല എന്ന് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം വീണ്ടും "കുർബാന ഞങ്ങൾക്ക് കിട്ടിയാൽ മതി, സഭയിൽ നിന്ന് ഞങ്ങൾ പണം പ്രതീക്ഷിക്കുന്നില്ല" എന്ന് പറഞ്ഞപ്പോൾ അത്ഭുതത്തോടെ ദൈവത്തെ സ്തുതിക്കാൻ മാത്രമാണ് സാധിച്ചത്. പരിശുദ്ധാത്മാവിന്റെ ഇടപെടലുകൾ എനിക്ക് കാണാൻ സാധിക്കുന്നുവോ എന്ന ആത്മപരിശോധന പിന്നീട് എന്നിൽ ഉളവായി.

മാമോദിസ സ്വീകരിച്ച് സഭയിൽ പങ്കാളികളായ എല്ലാ ദൈവമക്കളുടെയും കൂട്ടായ്മയും ഒരുമിച്ചുള്ള യാത്രയുമാണ് ഇനിയും നമുക്കാവശ്യം എന്ന് ദൈവം വെളിപ്പെടുത്തുന്നു. കൂട്ടായ്മയുടെ അരൂപിയിലൂടെയാണ് നാം ഇനി ലോകം മുഴുവനെയും ദൈവത്തിലേക്ക് ആകർഷി

(തുടർച്ച 3-ാം പേജിൽ)

(...... 1-ാം പേജിൽ നിന്നും തുടർച്ച)

ത്തോളം തുടരണമെന്നത് സാർവത്രിക രക്ഷ എന്ന ആത്യന്തിക ലക്ഷ്യപൂർത്തീകരണത്തിന് അനിവാര്യമാണ്. സാർവത്രികത ഭൂമിശാസ്ത്രപരമായ ഉൾച്ചേരൽ മാത്രമല്ല, കാലദേശവ്യത്യാസമില്ലാതെ എല്ലാവരേയും ഉൾച്ചേർക്കുന്നതാണ്. ഈ സാർവത്രികത ഉറപ്പാക്കാൻ ക്രിസ്തുതന്നെ സ്ഥാപിച്ചതാണ് തിരുസഭ. അതുകൊണ്ടാണ് സഭയെ രക്ഷയുടെ സാർവത്രിക കൂദാശ (*Lumen Gentium*, 48) എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് വിശേഷിപ്പിച്ചത്. ആരംഭം മുതൽ ഈ രക്ഷാകര ദൗത്യം തുടരാൻ പരിശുദ്ധാത്മാവിനോട് സഹകരിച്ചുകൊണ്ട് തിരുസഭ അതീവജാഗ്രതയോടെ പരിശ്രമിക്കുന്നുണ്ട്. എങ്കിലും അതിന്റെ പ്രേഷിത ശൈലിയിലും സമീപനങ്ങളിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന രണ്ടാം വത്തിക്കാൻ സാർവത്രിക സുന്നഹദോസിൽ തിരുസഭയുടെ സ്വഭാവത്തേയും നിയോഗത്തേയും നിർവചിച്ചപ്പോൾ അടിവരയിട്ട് പറഞ്ഞത് സഭയുടെ സ്വഭാവം കൂട്ടായ്മയും (*Lumen Gentium*, 26) സഭയുടെ നിയോഗം പ്രേഷിതത്വവും (*Ad Gentes*, 2) എന്നാണ്. അതിന്റെ തുടർച്ചയായിട്ടാണ് മൂന്നാംസഹസ്രാബ്ദത്തിലെ സഭ സുന്നഹദോസ് ആയിരിക്കണമെന്നുള്ള തീരുമാനവും പ്രഖ്യാപനവും.

സുന്നഹദോസ് : ഒന്നിച്ചുള്ള യാത്ര

കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ വായിച്ചുകൊണ്ട് സഭയ്ക്ക് അകത്തും പുറത്തും അനുവർത്തിക്കേണ്ട ജീവിത-പ്രവർത്തനശൈലികളെ നിർവചിക്കാൻ ഏറ്റവും അനുയോജ്യമായ പദമാണ് സുന്നഹദോസ്. ഭരണക്രമത്തിലെ ഉന്നതമായ ആലോചന സംഘമായി മാത്രം സുന്നഹദോസിനെ കണ്ടിരുന്ന നമുക്ക് സഭപൂർണമായും സുന്നഹദോസ് ആകണമെന്ന് പറയുമ്പോൾ അത് ഗ്രഹിക്കാൻ കൂടുതൽ സമയം ആവശ്യമാണ്. സുന്നഹദോസ് ശൈലി ഒന്നിച്ചുള്ള യാത്രയാകുമ്പോൾ സഭാമക്കളെല്ലാവരും അതിൽ സഹയാത്രികരാണ്. സഹയാത്രികരിൽ വലിപ്പ ചെറുപ്പമില്ല. അവസാനം വരെ ഒന്നിച്ചു നിൽക്കാനും ലക്ഷ്യത്തിൽ എത്തിച്ചേരുന്നതുവരെയുള്ള പ്രതിസന്ധികളെ കൂട്ടായ്മയായി തരണം ചെയ്യാനും സാധിക്കുമ്പോൾ മാത്രമേ സുന്നഹദോസ് യാത്ര പൂർണമാകുകയുള്ളൂ. യാത്ര പാതിവഴിയിലുപേക്ഷിക്കുന്നവർക്കും യാത്രയുടെ ലക്ഷ്യം തെറ്റുന്നവർക്കും സുന്നഹദോസ് യാത്ര ദുർഘടമായ പാതയാകും എന്നതും നാം ഓർക്കണം. ഈ യാത്ര അനുഗ്രഹവും അതേസമയം വെല്ലുവിളിയുമാണെന്ന് തിരിച്ചറിഞ്ഞ് നാം പങ്കാളികളാകണം.

ഈ ലോകത്തിലെ വിവിധങ്ങളായ യാത്രകളെക്കുറിച്ച് സുപരിചിതരായ നമുക്ക് സുന്നഹദോസ് യാത്രയെ രാഷ്ട്രീയ യാത്രയായോ, ജനാധിപത്യ റാലിയായോ, സാംസ്കാരിയ ഘോഷയാത്രയായോ തെറ്റിദ്ധരിക്കാനുള്ള പ്രലോഭനം കൂടുതലായിരിക്കും. അതുകൊണ്ട് സഭ നമ്മെ ഓർമപ്പെടുത്തുന്നത് സുന്നഹദോസ് യാത്രയിൽ നാം സ്വീകരിക്കേണ്ട ശൈലിയെക്കുറിച്ചാണ്. യാതൊരു നിർബന്ധബുദ്ധിയോ മുൻവിധികളോ കൂടാതെ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന് ആന്തരികവും ബാഹ്യവുമായ സ്വാതന്ത്ര്യത്തോടെ വിട്ടുകൊടുക്കുന്നവർക്ക് മാത്രമേ ഈ യാത്രയിൽ പങ്കാളികളാകാൻ സാധിക്കുകയുള്ളൂ. ഈ യാത്രയുടെ മാർഗരേഖ രാഷ്ട്രങ്ങളുടെ നിയമസംഹിതയോ ജനാധിപത്യത്തിന്റെ പ്രമാണരേഖകളോ അല്ല മറിച്ച് സുവിശേഷത്തിന്റെ വെളിച്ചം മാത്രമാണ്. ഈ യാത്രയുടെ ഊർജ്ജം രക്ഷകനും നാഥനുമായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ നാം പ്രാപിക്കുന്ന കൗദാശികമായ ശക്തി തന്നെയാണ്. ആയതിനാൽ പരിശുദ്ധാത്മാവിനോട് തുറവിയും, ദൈവവചനത്തോട് ആഭിമുഖ്യവും, സജീവമായ വി. കൂദാശാ ജീവിതവും സുന്നഹദോസ് യാത്രയുടെ അനിവാര്യമായ നിബന്ധനകളാണ്.

സഭ സുന്നഹദോസ് ആയിരിക്കണമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ കാലഘട്ടത്തിലെ നമ്മുടെ വിചിന്തനങ്ങളും ആലോചനകളും കേന്ദ്രീകരിക്കേണ്ട മൂന്നു പദങ്ങൾ നൽകുകയാണ്; **കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം.** ഈ മൂന്നു പദങ്ങൾ വ്യതിരക്തമായ വാക്കുകളല്ല. മറിച്ച്, അവ നമ്മുടെ സഭാത്മക ജീവിതത്തിലെ പരസ്പര പൂരകമായ യാഥാർത്ഥ്യങ്ങളാണ്. സഭ വിശ്വാസം ജീവിക്കുമ്പോൾ കൂട്ടായ്മ ഇല്ലാത്ത പങ്കാളിത്തമോ, പ്രേഷിതത്വമോ ഫലദായകമല്ല. അതുപോലെ പ്രേഷിതത്വത്തിലേയ്ക്ക് നയിക്കാത്ത കൂട്ടായ്മയും പങ്കാളിത്തവും അർത്ഥശൂന്യമാണ്. സഭയുടെ ജീവിതത്തെയും നിയോഗത്തെയും സമഗ്രതയിൽ മനസിലാക്കി അവതരിപ്പിക്കുന്നതാണ് സുന്നഹദോസ് എന്ന പദം.

കൂട്ടായ്മ

സഭയുടെ സ്വഭാവത്തെ നിർണയിക്കുന്ന എറ്റവും ലളിതവും എന്നാൽ അർത്ഥഗർഭവുമായ പദമാണ് കൂട്ടായ്മ. സഭ ദൈവജനമാണെന്ന നിർവചനത്തിന്റെ ആദ്യാർത്ഥം ദൈവവും ജനവും തമ്മിലുള്ള കൂട്ടായ്മയാണ് സഭ എന്നുള്ളതാണ്. ദൈവവുമായുള്ള കൂട്ടായ്മ ദൈവജനം തമ്മിലുള്ള സത്താപരമായ കൂട്ടായ്മയിലേയ്ക്ക് നയിക്കുന്നു എന്നുള്ളതാണ് രണ്ടാമത്തെ അർത്ഥം. ദൈവജനത്തിന്റെ കൂട്ടായ്മയുടെ അടിസ്ഥാനം നാം സ്വീകരിക്കുന്ന പാപമോചനത്തിനുള്ള ഏക മാമോദീസായും, നാം സ്വീകരിക്കുന്ന ക്രിസ്തുവിന്റെ ഏകശരീരരക്തങ്ങളും, ഐക്യത്തിന്റെ ഉറവിടമായ ഏക പരിശുദ്ധാത്മാവുമാണ്. കൂട്ടായ്മ ദൈവജനത്തിന്റെ ഏതെങ്കിലുമൊരു സവിശേഷതയല്ല, മറിച്ച് വിശ്വാസികളുടെ കൂട്ടത്തെ ദൈവജനമാക്കുന്ന അടിസ്ഥാന സ്വഭാവമാണ്. അതിനാൽ സഭ വിളിക്കപ്പെട്ടിരിക്കുന്നത് കൂട്ടായ്മ ജീവിക്കാനാണ്.

കത്തോലിക്കാ സഭയിൽ നാം വിവിധ കൂട്ടായ്മകൾ കാണുന്നുണ്ട്. പ്രാർത്ഥനാ/കുടുംബ കൂട്ടായ്മകൾ, ഇടവക കൂട്ടായ്മകൾ, മേഖലാ കൂട്ടായ്മകൾ, ഭദ്രാസനങ്ങളിലെ കൂട്ടായ്മകൾ, വ്യക്തിഗത സഭകളിലെ കൂട്ടായ്മകൾ, സഭാകൂട്ടായ്മകൾ ഒരുമിച്ചു വരുന്ന കൂട്ടായ്മകൾ, മുതലായവ. അതുപോലെ, വിശ്വാസികളുടെ കൂട്ടായ്മകളുണ്ട്; പ്രായക്രമം അനുസരിച്ച്, കുഞ്ഞുങ്ങളുടേയും യുവജവങ്ങളുടേയും മുതിർന്നവരുടേയും കൂട്ടായ്മകളുണ്ട്; ജീവിത നിയോഗം അനുസരിച്ച്, വൈദികരുടേയും, സന്യസ്തരുടേയും, വിവാഹിതരുടേയും, അമ്മമാരുടേയും, പിതാക്കന്മാരുടേയും കൂട്ടായ്മകളുണ്ട്; തൊഴിലടിസ്ഥാനത്തിലും വിവിധങ്ങളായ കൂട്ടായ്മകളുണ്ട്. കൂട്ടായ്മരൂപീകരണത്തിന്റെ അടിസ്ഥാന കാരണം വ്യത്യസ്തങ്ങളായിരിക്കുമ്പോഴും അവയുടെ ആത്യന്തികമായ നിയോഗം ഒന്നുമാത്രമാണ്, അത് സഭയുടെ നിയോഗം തന്നെയാണ്.

സഭയിലെ വിവിധ കൂട്ടായ്മകളുടെ രൂപീകരണത്തിനു പിന്നിലെ കാരണവും അവയുടെ സ്വഭാവവും പ്രവർത്തനശൈലിയും വ്യത്യസ്തമായിരിക്കുമ്പോഴും അവയുടെ നിയോഗം ഭൂമിയിൽ ത്രിത്വൈക കൂട്ടായ്മ ജീവിക്കുക എന്നതാണ്. അതായത് അവർ ജീവിക്കുന്ന കൂട്ടായ്മ - പ്രാദേശികമോ സാർവത്രികമോ - അതിനാൽ തന്നെ ഒരു വിശ്വാസ സാക്ഷ്യമാണ്. സാക്ഷ്യം നല്കുന്നതാണ് യഥാർത്ഥമായ പ്രേഷിതപ്രവർത്തനം. വിശ്വാസികളുടെ കൂട്ടായ്മ സജീവവും സാക്ഷ്യവുമായിരിക്കണമെന്ന ഓർമപ്പെടുത്തലാണ് സുന്നഹദോസ് ശൈലിയുള്ള സഭാജീവിതം.

ക്രിസ്തുവിന്റെ സഭ ഇന്ന് ജീവിക്കുന്നത് വിവിധ സഭാ കൂട്ടായ്മകളായിട്ടാണ്. ചരിത്രപരമായും ദൈവശാസ്ത്രപരമായും സഭ വ്യത്യസ്ത കൂട്ടായ്മകളായി ജീവിക്കുന്നത് അനിഷേധ്യമായ യാഥാർത്ഥ്യമാണ്. ചരിത്രത്തിലേയ്ക്ക് പിൻതിരിഞ്ഞു നോക്കുമ്പോൾ സാർവത്രിക സഭയിലുണ്ടായ വിഭജനങ്ങളിലേയ്ക്ക് നയിച്ച കാരണങ്ങളിൽ

(തുടർച്ച ...... 8-ാം പേജിൽ)

മുഖ്യരക്ഷാധികാരി
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ്

ചീഫ് എഡിറ്റർ
റവ. ഫാ. ബനഡിക്ട് മൂഴിക്കര OIC

മാനേജിംഗ് എഡിറ്റർ
റവ. ഡോ. സി. മേരി പ്രസാദ് DM

എഡിറ്റർ
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ

എഡിറ്റോറിയൽ ബോർഡ്
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

മലങ്കര കത്തോലിക്കാ സുവിശേഷ സംഘം
2023 ഫെബ്രുവരി-മെയ് മാസങ്ങളിലെ പ്രോഗ്രാമുകൾ

ഫെബ്രുവരി		
3 - വെള്ളി	-	കോന്നി ജില്ലാ വൈദിക സമ്മേളനം,
4-5 ശനി, ഞായർ	-	മാർത്താണ്ഡം, കൊല്ലംകോട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, പിൻകുളം
6-10	-	ലെക്സിയോ ദിവിനാ-വൈദിക തുടർ പരിശീലനം, കാതോലിക്കേറ്റ്
11-12 ശനി, ഞായർ	-	അഞ്ചൽ വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, അഞ്ചൽ
14- ചെവ്വാ	-	തിരുവല്ലാ സുവിശേഷസംഘം 3-ാം ബാച്ച്, കൈവയ്പ്പ്, തിരുവല്ലാ കത്തിഡ്രൽ
18-19 ശനി, ഞായർ	-	മാവേലിക്കര, ചെങ്ങന്നൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, പുലിയൂർ
25-26 ശനി, ഞായർ	-	തിരുവല്ലാ, റാന്നി വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, റാന്നി
മാർച്ച്		
4-ശനി	-	പാറശാല സുവിശേഷ സംഗമം, കുഴിഞ്ഞാൻവിള
11-12 ശനി, ഞായർ	-	ബത്തേരി, നിലമ്പൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, നിലമ്പൂർ
18-19 ശനി, ഞായർ	-	ഡൽഹി-ഗുഡ്ഗാവ്, സുവിശേഷസംഘം 2-ാം ബാച്ച്, കൈവയ്പ്പ്, വെസ്റ്റ് ഡൽഹി
23-25 ശനി, ഞായർ	-	സഭാതലം 8-ാം ബാച്ച് പരിശീലനം-4, കാതോലിക്കേറ്റ്
27-30- തിങ്കൾ-വ്യാഴം	-	മിഷൻ വിസിറ്റ്, പാസ്റ്റേഴ്സ് പരിശീലനം, ഹോസൂർ,
ഏപ്രിൽ		
2 - ഞായർ	-	കുരുത്തോല ഞായർ
2-8 തിങ്കൾ-ശനി	-	ഹാശാ ആഴ്ച
9-ഞായർ	-	ഉയിർപ്പു ഞായർ
15-16 ശനി, ഞായർ	-	ബത്തേരി, മാനന്തവാടി വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, മാനന്തവാടി
22-23 ശനി, ഞായർ	-	പാറശാല വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, പിൻകുളം
മെയ്		
6-7 ശനി, ഞായർ	-	തിരുവല്ലാ, വെണ്ണിക്കുളം വൈദികജില്ല പരിശീലനം-3, വാലങ്കര
13-14 ശനി, ഞായർ	-	മാർത്താണ്ഡം, കോല്ലംകോട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, പിൻകുളം
20-21 ശനി, ഞായർ	-	മാവേലിക്കര, ചെങ്ങൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, ചെങ്ങൂർ
27-28 ശനി, ഞായർ	-	അഞ്ചൽ വൈദികജില്ല സുവിശേഷസംഘ പരിശീലനം - 4, അഞ്ചൽ

നോമ്പുകാലത്തിന്റെ നോവുകൾ

ഫാ. ആദർശ് കുമ്പളത്ത്

ഡയറക്ടർ, സുവിശേഷസംഘം തിരുവനന്തപുരം മേജർ അതിഭദ്രാസനം

“ആവുന്നത്ര ഉച്ചത്തിൽ വിളിച്ചു പറയുക. കാഹളം പോലെ സ്വരം ഉയർത്തുക. എന്റെ ജനത്തോടു അവരുടെ അതിക്രമങ്ങൾ, യാക്കോബിന്റെ ഭവനത്തോട് അവരുടെ പാപങ്ങൾ, വിളിച്ചു പറയുക” (ഏശ.58 :1).

നോമ്പ് കാലം എല്ലാം വിളിച്ചു പറയാനുള്ള കാലമാണ്. ജനത്തിന്റെ നിലവിളികൾ ഉയരുന്ന ഒരു കാലം. ആസന്നമായ ദൈവകോപത്തിൽ നിന്നും രക്ഷപ്പെടാനുള്ള കരുത്ത് ആർജ്ജിക്കുന്ന കാലം. സാധാരണ രീതിയിൽ വിജയങ്ങളാണ് വിജയഭേരിയായി മുഴങ്ങാറുള്ളത്. എന്നാൽ നോമ്പുകാലം അല്പം വ്യത്യസ്തമാണ്. എന്താണ് വിളിച്ചു പറയുന്നതെന്ന് ചോദിച്ചാൽ സംഭവിച്ച താളപ്പിഴകൾ, പോയ വഴികളിൽ സംഭവിച്ച അപചയങ്ങൾ. പോരായ്മകളെ കുമ്പസാരക്കൂടെന്ന ആലയത്തിൽ ഏറ്റുപറയാനും, ആത്മശോധന എന്ന നിശബ്ദതയിൽ അവ എണ്ണിയെടുത്ത് ആത്മാവിൽ വിലപിക്കാനുമുള്ള സമയം. അതെ നോമ്പുകാലം ഉള്ളുകൾ വെളിപ്പെടുന്ന ഒരു കാലമാണ്.

നോമ്പുകാലം പറയുന്നത് കേൾക്കാനുള്ള കാലമാണ്. ആരാണ് പറയുന്നത്. ഇസ്രായേൽ മക്കളോട് അവരുടെ അതിക്രമങ്ങൾ വിളിച്ചു പറയാൻ ആവശ്യപ്പെടുന്ന പ്രവാചകൻ ഒരു ദൈവശുശ്രൂഷകനാണ്. ദൈവസ്വരം കേൾക്കുകയും അറിയിക്കുകയും ചെയ്യുന്നവനാണ്. നോമ്പുകാലം ദൈവത്തിന്റെ പ്രവാചകരെ കേൾക്കാനും ദൈവസ്വരം അനുസരിക്കാനും ഉള്ള ഒരു കാലഘട്ടമാണ്. വചനം വായിച്ചു വളരാനും ജീവിക്കാനും ഉള്ള ഒരു പുണ്യകാലം. വചനസാധനയുടെ ആഴങ്ങളിലേക്ക് പോകുന്ന ഒരു കാലം. ആ വിനാഴികയിലാണ് യഥാർത്ഥത്തിൽ നാം നമ്മെ തന്നെ തിരിച്ചറിയുന്നതും നാം എത്രമാത്രം ചെറുതാണെന്ന തിരിച്ചറിവിൽ ഒരു പുനഃക്രമീകരണത്തിന് ശ്രമിക്കുന്നതും.

നോമ്പുകാലം കേൾക്കുന്നത് ഗ്രഹിക്കാനും ആ കേൾവി മറ്റൊരാൾക്ക് നൽകാനുമുള്ളതാണ്. ദുർമാതൃകകൾ അകറ്റാനും സത്മാതൃകകൾ സ്വായത്തമാക്കാനും പരിശ്രമിക്കണം. ഒരു യൂദാസായി മാറാനുള്ള പ്രലോഭനങ്ങളും സാധ്യതകളും ധാരാളം നിറഞ്ഞ ഇടവഴികളിലൂടെയാണ് നമ്മുടെ യാത്ര. അരുതാത്തതിനെ മാറ്റാനും ചേർക്കേണ്ടതിനെ സ്വായത്തമാക്കുവാനും കഴിയണം. യൂദാസിൽ നിന്നും പത്രോസിലേക്കുള്ള ദൂരം കുറയണം. ആവർത്തിക്കപ്പെടുന്ന തഴക്കദോഷങ്ങൾ ക്രിസ്തുവിന്റെ സഹായത്താൽ കഴുകപ്പെടണം. ആവോളം അതിനായി അവൻ കുരിശുമരത്തിൽ തിരുച്ചോര ചിന്തിയിട്ടുള്ളതിനാൽ അത്തരം പരിശ്രമങ്ങൾ വിജയിക്കും.

നോമ്പുകാലം ദൈവീക സാന്നിധ്യമുള്ള ഇടങ്ങളിൽ ആയിരിക്കാനുള്ള കാലമാണ്. പ്രഭാത ബലിയർപ്പണങ്ങളിലൂടെ ആ മഹത്വം സ്വായത്തമാക്കാനുള്ള വ്യഗ്രത ഉണ്ടാകണം. വീഴുന്നതും നിൽക്കുന്നതുമായ കുരിശിന്റെ വീഥികളിലൂടെ ക്രിസ്തുവിന്റെ ഹൃദയസ്പന്ദനങ്ങൾ ഏറ്റുവാങ്ങാം. ആ വഴികളിൽ സന്ധ്യാസമയങ്ങളിൽ മുട്ടുകുത്തുന്ന നോമ്പിന്റെ നോവ് ദിനങ്ങൾക്കായി ഒരുങ്ങാം. വീണിടത്ത് വീണു കിടക്കാതെ വേച്ചുവേച്ചാണെങ്കിലും കാൽവരി എന്ന വിജയഭൂമിയിൽ എത്തണമെന്നും, ഒരു പുതിയ കല്ലറയ്ക്കുള്ളിലായിരുന്ന് സങ്കീർത്തനങ്ങൾ ഏറ്റുപാടി ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ ഉത്ഥിതനെ കാണുമെന്ന പ്രത്യാശ ആർജ്ജിച്ചെടുക്കാനുമുള്ള ഒരു നോമ്പുകാലം.

നഷ്ടപ്പെടുത്തരുത് ഈ ദിനങ്ങളെ... നോമ്പുകാലം ചില സ്വപ്നങ്ങൾ കാണുന്ന കാലമാണ്. കുഴിക്കുള്ളിൽ തള്ളപ്പെട്ടപ്പോഴും, അടിമയായി മുദ്രകുത്തപ്പെട്ടപ്പോഴും, ചെയ്യാത്ത അപരാധങ്ങൾക്ക് കാരാഗ്രഹത്തിന്റെ കനത്ത ചുവരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടപ്പോഴും, അതേ രാജ്യത്തിന്റെ സിംഹാസനം സ്വപ്നം കണ്ട, അത്തരം സ്വപ്നങ്ങൾ സംശയമില്ലാതെ വ്യാഖ്യാനിച്ച, ജോസഫിന്റെ ജീവിതം ഒരു നോമ്പിന്റെ അരൂപി ആർജിച്ചതാണ്. അങ്ങനെയുള്ള പ്രത്യാശയുടെ ചരിത്രങ്ങൾ ഇനിയും ആവർത്തിക്കപ്പെടട്ടെ.

മനുഷ്യപുത്രൻ ജീവിക്കുന്നത് അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നും പുറപ്പെടുന്ന ഓരോ വാക്കു കൊണ്ടും... വീണ്ടും നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്.

വീണ്ടും നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമെ പൂജിക്കാവൂ.

നല്ല നോമ്പുകാലം.

(...... 1-ാം പേജിൽ നിന്നും തുടർച്ച)

ക്കേണ്ടത്. സുവിശേഷം ലോകമെങ്ങും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. കൂട്ടായ പങ്കാളിത്തത്തോടെ യേശുവിന്റെ ഈ ദൗത്യം നാം ഏറ്റെടുക്കണം. പത്രോസും ഇതര ശിഷ്യരും സഭയ്ക്ക് മുഴുവനുമായി കൂട്ടുത്തരവാദിത്തത്തോടെ നിന്നതുപോലെ മാർപാപ്പയും മെത്രാന്മാരും ഒരുമിച്ച് സഭയിലും പൊതുജീവിതത്തിലും അജപാലനത്തിലും സംഘം ചേർന്നുനിൽക്കുന്നു എന്നതാണ് രണ്ടാം വത്തിക്കാൻ സുന്നഹദോസ് അവതരിപ്പിച്ച കാഴ്ചപ്പാട്. ഈ കാഴ്ചപ്പാട് ഇപ്പോൾ ഇതാ നമുക്ക് ജീവിക്കാൻ ഒരു അവസരം. വി. തോമാശ്ലീഹായിലൂടെ മലങ്കര സഭയ്ക്ക് ലഭിച്ച ക്രിസ്താനുഭവം പുനരൈക്യത്തിലൂടെ പുനരുജ്ജീവിക്കപ്പെട്ടിട്ട് തൊണ്ണൂറ് വർഷങ്ങൾ പിന്നിടുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ഈ പ്രത്യേക ദൈവവിളിയുടെ പശ്ചാത്തലത്തിൽ സിനഡാത്മക സഭയിൽ പങ്കാളിത്തവും മിഷനും എന്ന ദർശനത്തെ അല്പമായി ഇവിടെ വിശകലനം ചെയ്യുന്നു.

(I) കൂട്ടായ്മയും പങ്കാളിത്തവും

(i) കൂട്ടായ്മ : കത്തോലിക്കാ സഭ വ്യക്തിഗത സഭകളുടെ ഒരു കൂട്ടായ്മയാണ്. കൂട്ടായ്മയാണ് സിനഡാത്മകത എന്ന ദർശനത്തിന്റെ അടിസ്ഥാനം. സഭ കൂട്ടായ്മയുടെ പ്രതിബദ്ധമായ സഹകരണത്തിൽ സിനഡാത്മകതയുടെ രൂപവും വ്യാപ്തിയും കണ്ടെത്താനാകും. സിനഡാത്മകത സഭയുടെ ‘കാതോലികത’യുടെ കൂട്ടായ്മ ജീവിക്കുന്ന ആവിഷ്കാരമായി നാം കാണുന്നു. ഈ അർത്ഥത്തിൽ, കൂട്ടായ്മയാണ് സിനഡാത്മക ജീവിതം വളരുന്നതിനുള്ള അടിസ്ഥാനം. സിനഡാത്മക ജീവിതം എന്നത് സഭയെ മുഴുവൻ നയിക്കുന്ന ‘ഒരു ദൈവജനമെന്ന’ അവബോധമാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിൽ സ്വർഗ്ഗത്തെ ലക്ഷ്യം വെച്ച് ഒരുമിച്ച് യാത്ര ചെയ്യുന്ന ഒരു തീർത്ഥാടക സമൂഹമാണ് തങ്ങളെന്ന് അവർ മനസ്സിലാക്കുന്നു. ഈ യാത്രാസമൂഹം തങ്ങൾ ക്രിസ്തുവിന്റെ ഭൗതികശരീരമാണെന്നും ക്രിസ്തു അതിന്റെ ശിരസാണെന്നും മനസ്സിലാക്കുന്നു. (cf. 1 കോരി. 12:12-27; എഫേ. 1: 22-23).

ഹെബ്രായ, ഗ്രീക്ക്, ലത്തീൻ ഭാഷകളിൽ സിനഡിനെ സൂചിപ്പിക്കുന്ന വാക്കുകൾ കൂട്ടായ്മയിലേക്ക് വിളിക്കപ്പെട്ടവർ എന്നതാണ്. ഹെബ്രായ ഭാഷയിൽ Quhal എന്നത് ‘കൂട്ടായ്മയിൽ വിളിക്കപ്പെട്ടവർ’ (called together) എന്നും ; ലത്തീൻ ഭാഷയിൽ Concilium (con = with + calo = called out) കൂടെ ആയിരിക്കാൻ വിളിക്കപ്പെട്ടവർ (called out to be with) എന്നും; ഗ്രീക്ക് ഭാഷയിൽ ekklesia (Ek + Kaleo) ഒരു കൂട്ടായ്മയായിരിക്കുവാൻ വിളിക്കപ്പെട്ടവർ (those who are called out to form one community) എന്നുമാണ്.

പരിശുദ്ധാത്മാവിനാൽ കൂട്ടപ്പെട്ട വ്യക്തികളുടെ കൂട്ടായ്മയാണ് സഭ (de Trinitate plebs adunata). സഭ ഒന്നാണ് എന്നു പറയുന്നതിന് കാരണം അവളുടെ ഉത്ഭവവും അവളുടെ മാതൃകയും അവളുടെ ലക്ഷ്യവും പരിശുദ്ധ ത്രിത്വത്തിൽ ആകുന്നു എന്നതാണ്. ഈ അജപാലനത്തിലാണ് സഭ വിശുദ്ധവും കാതോലികവും ശ്ലൈഹികവുമാണ് എന്ന് പറയുന്നത്. കൂട്ടായ്മയോട് ചേർന്നുനിൽക്കുന്ന ഒന്നുതന്നെയാണ് പങ്കാളിത്തം. തീർത്ഥാടകയായ സഭയുടെ സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയുള്ള സഞ്ചാരത്തിൽ പങ്കുചേരുവാൻ ഓരോ വിശ്വാസിക്കും ഉത്തരവാദിത്തമുണ്ട്. തങ്ങൾക്ക് നൽകപ്പെട്ട കടമ ക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട് പൂർത്തിയാക്കണം. അങ്ങനെ പങ്കാളിത്തം എന്നത് കൂട്ടായ്മയുടെ മറുവശമാണ്.

കൂട്ടായ്മയിൽ ജീവിക്കുക എന്നത് അല്പംകൂടി നന്നായി മനസ്സിലാക്കുവാൻ ഗ്രീക്ക് ഭാഷയിലെ കൊയ്നോനിയ (Koinonia) എന്ന പദം നമ്മെ സഹായിക്കുന്നു. കൊയ്നോനിയ എന്ന പദം കൊയ്നോസ് (koinos) ‘പൊതുവായത്’ എന്നർത്ഥമുള്ള മൂലപദത്തിൽ നിന്നാണ്. അതിൽനിന്നാണ് പങ്കാളി, പങ്കിടുന്നയാൾ, കൂട്ടാളി എന്നർത്ഥമാക്കുന്ന കൊയ്നോനിയ എന്ന പദം ഉണ്ടായത്. ഏതൊരു സാധാരണ സൗഹൃദ ബന്ധത്തേക്കാളും വളരെ ആഴത്തിലുള്ള, പൂർണ്ണമായതും അടുപ്പമുള്ളതുമായ ഒരു ഐക്യത്തെയാണ് അത് സൂചിപ്പിക്കുന്നത്. നമ്മിലുള്ള പരിശുദ്ധമായ ദൈവികജീവനെ കുട്ടായ വാസത്തിലൂടെ ഒന്നിച്ച് പങ്കിടുന്നതാണത്. പരിശുദ്ധാത്മാവിൽ നിറഞ്ഞ് അപ്പോസ്തലന്മാർ, ആദിമ ക്രൈസ്തവരെ അവരുടെ വാക്കിലും പ്രവൃത്തിയിലും പങ്കുകാരാക്കുവാൻ പരിശീലിപ്പിച്ചു. (cf. അപ്പ. 4:32) കൊയ്നോനിയ രണ്ടു പ്രധാന അർത്ഥങ്ങൾ പ്രകടമാക്കുന്നു (i) ‘ഒരുമിച്ച് പങ്കിടുകയും’, ‘ഒരുമിച്ച് പങ്കെടുക്കുകയും’ എന്ന അർത്ഥം. (ii) മറ്റുള്ളവർക്ക് നൽകുക എന്ന ഉദ്ദേശത്തോടെ ‘മറ്റുള്ളവരുമായി പങ്കിടൽ’ എന്ന അർത്ഥം. ഇവ രണ്ടും ശിരസായ ക്രിസ്തുവിനോട് ചേർന്ന് ഒരു കുടുംബബന്ധത്തെ പങ്കുവയ്ക്കുകയും ചെയ്യുന്നു. ഇതാണ് കൂട്ടായ്മയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്ക് എത്തിക്കുന്ന പാതയാണ് സിനഡാത്മക പ്രക്രിയ.

(ii) പങ്കാളിത്തം : പങ്കാളിത്തത്തിന്റെ മാതൃക നാം പരിശുദ്ധ ത്രിത്വത്തിൽ കാണുന്നു. ദൈവത്തിലെ വ്യക്തികളുടെ ഐക്യവും മനുഷ്യർക്കിടയിൽ സത്യത്തിലും സ്നേഹത്തിലും സ്ഥാപിതമാകേണ്ട സാഹോദര്യവും തമ്മിൽ കുറേ സാധർമ്യമുണ്ടെന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നു. മനുഷ്യൻ വ്യക്തിസമൂഹത്തിൽ ജീവിക്കേണ്ടവനാണ്. സമൂഹം മനുഷ്യ സ്വഭാവത്തിന്റെ അനിവാര്യമായ ആവശ്യമാണ്. മറ്റുള്ളവരുമായി പങ്കുവെച്ചുകൊണ്ടും പരസ്പരമുള്ള കടമകൾ നിറവേറ്റികൊണ്ടും സഹോദരങ്ങളുമായി സംവാദം നടത്തിക്കൊണ്ടും മനുഷ്യൻ തന്റെ കഴിവുകളെ വികസിപ്പിക്കുന്നു. അങ്ങനെ അവൻ തന്റെ വിളിക്ക് പ്രത്യുത്തരം നൽകുന്നു (CCC 1879).

സിനഡാത്മകത പങ്കാളിത്തത്തോടു കൂടിയ ഒരു യാത്രയാണ് സൂചിപ്പിക്കുന്നത്. വിശുദ്ധ ഗ്രന്ഥം മുഴുവൻ ദൈവത്തോടൊപ്പം നടക്കുന്ന ദൈവമക്കളുടെ വിവരണമാണ്. മനുഷ്യൻ ദൈവ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടത് ദൈവീക ജീവനിൽ പങ്കുകാരാകാൻ വേണ്ടിയാണ്. ആദി മാതാപിതാക്കൾ ദൈവീക സന്തോഷത്തിൽ പങ്കുകാരായവരാണ്. പാപത്തിലൂടെ മനുഷ്യർ ദൈവത്തിൽ നിന്നകന്നപ്പോൾ ദൈവിക ജീവനിലുള്ള പങ്കാളിത്തത്തോടെ ചേർത്തുനിർത്തുന്ന ദൈവത്തെ നാം കാണുന്നു. ദൈവവും മനുഷ്യരും തമ്മിലുള്ള എല്ലാ കണ്ടുമുട്ടലുകളും പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു.

വിശ്വാസികൾ തമ്മിലുള്ള പങ്കാളിത്തമാണ് ഇടവകയെ തങ്ങളുടെ ദൈവോന്മുഖമായ യാത്രയ്ക്ക് ശക്തിപ്പെടുത്തുന്നത്. ഹെൻറി ഫോർഡിന്റെ വാക്കുകളിൽ “ഒരുമിക്കുന്നത് ഒരു തുടക്കമാണ്, ഒരുമിച്ച്

(തുടർച്ച ...... 4-ാം പേജിൽ)

(...... 3-ാം പേജിൽ നിന്നും തുടർച്ച)

നിൽക്കുന്നത് പുരോഗതിയാണ്, ഒരുമിച്ച് പ്രവർത്തിക്കുന്നത് വിജയമാണ്.” പങ്കാളിത്തത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്നതാണ് ഷിൻകാൻസെൻ (Shinkansen) ജാപ്പനീസ് ബുള്ളറ്റ് ട്രെയിനുകൾ. ഈ ട്രെയിനിലെ ഓരോ കോച്ചിനും അതിന്റെതായ ചെറിയ എഞ്ചിനുണ്ട്. എല്ലാ ചെറിയ എഞ്ചിനുകളുടെയും കൂട്ടായ ഊർജ്ജം ട്രെയിനിനെ അതിവേഗം നയിക്കുന്നു. ഇപ്രകാരം ഓരോ വ്യക്തികൾ ക്രിസ്തുവുമായും, പരസ്പരവുമുള്ള പങ്കാളിത്തത്തിന്റെ സംയോജിത ഫലവുമാണ് സഭയുടെ അസ്തിത്വത്തിന്റെ ശക്തി. ഈ ജീവിക്കുന്ന രഹസ്യം മറ്റുള്ളവരിലേയ്ക്ക് പങ്കുവയ്ക്കുന്നതാണ് സഭയുടെ മിഷനറി പ്രവർത്തന ത്തിന്റെ അടിസ്ഥാനം.

(II) മിഷൻ

തീർത്ഥാടക സഭ അവളുടെ സ്വഭാവത്താൽ തന്നെ മിഷനറിയാണ് (AG 2). സഭയുടെ ഈ മിഷനറി സ്വഭാവത്തെ സഹായിക്കുന്നതാണ് സിനഡാത്മകത. മിഷനറി ദൈവശാസ്ത്രജ്ഞനായ ജോസ് കോബ്ലിന്റെ നിരീക്ഷണത്തിൽ സഭ അതിന്റെ യഥാർത്ഥ സ്വാഭാവികത സ്വയം തിരിച്ചറിയുന്നത് അവൾ പുതിയ സാഹചര്യങ്ങളിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടുമ്പോഴാണ്. അതിൽ സഭയുടെ എല്ലാ അംഗങ്ങളും പങ്കെടുക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിളിയിൽ മലങ്കര കത്തോലിക്ക സഭാമക്കൾ വളരെ പ്രത്യേകമായി മുന്നേറുന്നു. പുതിയ സഹസ്രാബ്ദത്തിലെ മലങ്കര കത്തോലിക്ക സഭയുടെ വളർച്ച ഇതിനെ സൂചിപ്പിക്കുന്നു. സ്വയംഭരണ അവകാശത്തോടെ അനേകം സംസ്ഥാനങ്ങളിൽ മിഷൻ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചതിൽ നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം.

സഭ നിലനിൽക്കുന്നത് സുവിശേഷം പ്രഘോഷിക്കാനാണ്. അതിനാൽ സ്വയത്തിൽ കേന്ദ്രീകരിച്ചുള്ള ഒരു ജീവിതശൈലി സഭയ്ക്ക് ചേരുന്നതല്ല. അത് എപ്പോഴും പങ്കാളിത്തസ്വഭാവമുള്ളതാണ് എന്ന് നാം കണ്ടു. മനുഷ്യകുലത്തിന് ദൈവസ്നേഹത്തിന്റെ സാക്ഷ്യം നൽകുക എന്നതാണ് സഭയുടെ ദൗത്യം. അതിനാൽ സിനഡൽ പ്രക്രിയകൾക്ക് വളരെ ആഴത്തിലുള്ള ഒരു മിഷനറി മാനം ഉണ്ട്. പ്രത്യേകിച്ച് സ്നേഹത്തിൽനിന്ന് അകലുന്ന, സ്വയത്തിലേക്ക് ഒതുങ്ങുന്ന ഈ ലോകത്തിൽ സുവിശേഷത്തിന്റെ നല്ല സാക്ഷികൾ ആകാൻ നമ്മൾ പ്രാപ്തരാകേണ്ടതുണ്ട്. അതിന് നമ്മെ സഹായിക്കുന്ന ഒരു പാതയാണ് സിനഡാത്മക സഭയുടെ പാത. മലങ്കര കത്തോലിക്ക സഭ അവളുടെ മിഷൻ രൂപതകളിലൂടെ പുതിയ കണ്ടുമുട്ടലുകളുടെ യാത്ര ആരംഭിച്ചിരിക്കുകയാണ്. അത് അവളിൽ നിന്ന് പുതിയൊരു മനസ്സും പുതിയ പ്രവർത്തന ശൈലിയും ആവശ്യപ്പെടുന്നു. അത് പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തുന്നു. സിനഡൽ പ്രക്രിയയുടെ ലക്ഷ്യം ആത്യന്തികമായി സുവിശേഷവൽക്കരണമാണ്. സുവിശേഷം ഏറ്റം ഫലപ്രദമായി പങ്കിടുക, അത് നമ്മുടെ കൂട്ടായ്മകളിൽ അർത്ഥവത്താക്കി ജീവിക്കുക, മാനദണ്ഡങ്ങൾ ഇല്ലാതെ എല്ലാവരെയും അതിലേക്ക് ക്ഷണിക്കുക തുടങ്ങിയ സമീപനങ്ങളിലൂടെ സിനഡാത്മക സഭയോട് സജീവമായി പ്രതിബദ്ധത വളർത്തിയെടുക്കേണ്ട സമയമാണിത്. ഒരു ‘ഫീൽഡ് ഹോസ്പിറ്റൽ’ (field hospital) എന്ന് ഫ്രാൻസിസ് മാർപാപ്പ സഭയെ ഉപമിക്കുന്നത് ഈ അവസരത്തിൽ നമുക്ക് പുനർവിചിന്തനം നടത്തേണ്ടതുണ്ട്. ലോകത്തിൽ ദുർബലരായവരെ സുവിശേഷത്തിന്റെ ശക്തിയാൽ ബലപ്പെടുത്താനും സുഖപ്പെടുത്താനും യേശുവിനോട് ചേർന്ന് യാത്ര ചെയ്യാനും നാം പരിശീലിക്കണം. ഇന്ത്യൻ ഉപഭൂഖണ്ഡം എല്ലാത്തരം വൈവിധ്യങ്ങളാലും സമ്പന്നമാണ്. ഒന്നിലധികം സംസ്കാരങ്ങളും മതങ്ങളും ബഹുസ്വരതയും നമ്മുടെ രാജ്യത്തിന്റെ സവിശേഷതയാണ്. നന്മ നിലനിൽക്കുമ്പോഴും ധ്രുവീകരണ പ്രവണതകൾ, വ്യക്തി മഹാത്മാവാദം മുതലായവ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും മുഖം വികൃതമാക്കുന്നു. “സ്വപ്നങ്ങൾ നട്ടുപിടിപ്പിക്കുവാനും, പ്രവചനങ്ങളിലേക്കും, ദർശനങ്ങളിലേക്കും ആകർഷിക്കുവാനും, പ്രത്യാശ തഴച്ചുവളരുവാൻ അവസരങ്ങൾ നൽകുവാനും, പരസ്പരം വിശ്വാസത്തെ പ്രചോദിപ്പിക്കുവാനും, മുറിവുകൾ വച്ചുകെട്ടുവാനും, ബന്ധങ്ങൾ ഇഴ ചേർക്കുവാനും, പ്രത്യാശയുടെ പ്രഭാതം ഉണർത്തുവാനും, മനസ്സിനെ പ്രകാശിപ്പിക്കുന്ന സംസ്കാരം കൈമാറുവാനും, നമ്മുടെ കരങ്ങൾ ബലപ്പെടുത്താം’’ എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകൾ നമ്മുടെ മിഷൻ പ്രവർത്തനങ്ങൾക്ക് വെളിച്ചമേകുന്നു.

ദൈവശാസ്ത്രജ്ഞനായ ജോർജ് സ്വാരസ് പ്രഭു സുവിശേഷപ്രഘോഷത്തിന്റെ ഫലത്തെ ഇപ്രകാരം കാണുന്നു: “എപ്പോൾ ദൈവസ്നേഹത്തിന്റെ വെളിപാടിനെ ആത്മാർത്ഥമായ സ്നേഹ സ്വീകരണത്തിന് മനുഷ്യൻ തുടക്കം കുറിക്കുന്നുവോ, അപ്പോൾ വ്യക്തിപരവും സമൂഹ്യവുമായ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്ന പ്രസ്ഥാനങ്ങൾ ചരിത്രത്തിൽ രൂപീകൃതമാകുന്നു. അത് അവനെ അപര്യാപ്തതകളുടെ ചങ്ങലകളിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു. ഈ സ്വാതന്ത്ര്യം യഥാർത്ഥ കൂട്ടായ്മകൾക്ക്, നീതിയും സ്വാതന്ത്ര്യമുള്ള കൂട്ടായ്മകൾക്ക് രൂപം നൽകുന്നു. ഇപ്രകാരമുള്ള കൂട്ടായ്മകൾ ക്രിസ്തു ദർശനമുള്ള, മാമോൻ ഉയർത്തിയ അസ്വാതന്ത്ര്യത്തിന്റെ പൈശാചിക ഘടനകൾക്കെതിരായി നിരന്തര പോരാട്ടത്തിലേക്ക് നമ്മെ ക്ഷണിക്കുന്നു.

ഉപസംഹാരം

സിനഡാത്മക സഭ ശ്രേഷ്ഠമായ ഒരു പാത നമുക്ക് ഒരുക്കിയിരിക്കുന്നു. അത് യോഗങ്ങളിലും ചർച്ചകളിലും അവസാനിക്കാനുള്ളതല്ല, പിന്നെയോ ദൈവരാജ്യത്തിനുവേണ്ടി കൂട്ടായ ഒരു മുന്നേറ്റത്തിനു വേണ്ടിയുള്ള ആഹ്വാനമാണ്. “ക്രിസ്തുവിനോട് ഐക്യപ്പെടാൻ വേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്” (ഗലാ. 4: 27-28). “ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവർത്തികളിൽ വൈവിധ്യം ഉണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിനും പ്രചോദനം നൽകുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്” (1 കോരി. 12: 4-7). അതീന്ദ്രിയമായ ഒന്നിലേക്കുള്ള അന്വേഷണം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ അന്തർലീനമാണ്. ദൈവത്തെയും ലോകത്തെയും വിപരീത ധ്രുവങ്ങളിൽ സഭ കാണുന്നില്ല. സൃഷ്ടിക്കപ്പെട്ട ലോകത്തിൽ ദൈവത്തിന്റെ മുദ്രയുള്ളതിനാൽ പൂർണ്ണതയ്ക്ക് സൃഷ്ടി മുഴുവനും ദൈവോന്മുഖ യാത്ര നടത്തുന്നു. ഈ യാത്രയുടെ ദൗത്യം (മിഷൻ) ഏറ്റെടുത്തുകൊണ്ട് കൂട്ടായ പങ്കാളിത്തത്തോടെ നമുക്ക് വിശുദ്ധ സഭയിൽ ആയിരിക്കാം.

അനുഭവ സാക്ഷ്യം

നഷ്ടപ്പെട്ടവ തിരികെ ലഭിക്കുന്നു...

ജോഷ്വാ ജ്ഞാനദാസ്

സഭാതല സുവിശേഷസംഘാംഗം ഏഴാം ബാച്ച്

സഭാതല സുവിശേഷസംഘം ഏഴാം ബാച്ചിൽ രണ്ടു വർഷത്തെ പരിശീലനം കഴിഞ്ഞ ഒരു സുവിശേഷസംഘാംഗമാണ്.

ലൂക്കാ 10:20-ൽ പറയുന്നതുപോലെ സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുവാൻ കർത്താവ് സുവിശേഷസംഘത്തിലൂടെ നൽകിയ കല്പന പിൻപറ്റാൻ കർത്താവ് അനുഗ്രഹിച്ചതുമൂലം ഒരു സുവിശേഷകൻ എന്ന നിലയിൽ ആത്മീയ ജീവിതത്തിന്റെ പൂർണതയിലേക്കുള്ള പാത തുറന്നുകിട്ടി. നന്ദിയോടെ ഈശോയെ സ്തുതിക്കുന്നു. ആത്മീയ ജീവിതത്തിന്റെയും സുവിശേഷ പ്രവൃത്തിയുടെയും ലാഭം സ്വർഗ്ഗരാജ്യമാണെന്ന അനുഭവത്തിലേക്ക് സ്വയം എത്തിച്ചേരാനും നിത്യരക്ഷയെക്കുറിച്ചുള്ള ഈ പ്രത്യാശ മറ്റുള്ളവർക്കു പകർന്നു നൽകാനും ദൈവം എനിക്ക് കൃപ നൽകുന്നു.

വർഷങ്ങളായി പരസ്പരം സംസാരിക്കാതെ പിണക്കത്തിലും ശത്രുതയിലുമായിരുന്ന സഹോദരകുടുംബങ്ങളിലേക്ക് കടന്നു ചെല്ലാനും, നഷ്ടപ്പെട്ട സന്തോഷം തിരികെ ലഭിച്ചതിൽ അവരോടൊപ്പം സന്തോഷിക്കുവാനും എനിക്ക് കഴിഞ്ഞു. പഴയകാലം പോലെ കുടുംബബന്ധങ്ങൾ വീണ്ടെടുക്കുവാനും ഉറപ്പിക്കാനും സ്നേഹത്തിൽ ആയിരിപ്പാനും സാധിക്കുന്നു. കർത്താവ് തന്ന ഈ കൃപയ്ക്കായി നന്ദിയോടെ തമ്പുരാനെ സ്തുതിക്കുന്നു. ക്രിസ്തുവിന്റെ മനോഭാവം ഉള്ളിൽ നിന്നു വരണമെങ്കിൽ ശത്രുവിനെ സ്നേഹിക്കുക എന്ന ക്രിസ്തുവിന്റെ സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിക്കാൻ കഴിയണം എന്ന് മനസ്സിലാക്കാനും അതിൻ പ്രകാരം ഒരു ആത്മീയ ജീവിതം ക്രമപ്പെടുത്താനും സുവിശേഷസംഘത്തിന്റെ പരിശീലനം എനിക്ക് വളരെ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു.

ഫിലി. 2:5-11 കുരിശുമരണത്തോളം അനുസരണയുള്ളവനായി മാറിയ ക്രിസ്തുവിലേക്ക് നോക്കാനും ശത്രുതാ മനോഭാവത്തിൽ നിന്ന് അകന്നു നിൽക്കാനും അന്യരെ ശുശ്രൂഷിക്കാനും ക്രിസ്തുവിന്റെ സ്നേഹത്തിൽ വളരാനും അനുതാപഹൃദയത്തോടെ ദൈവസന്നിധിയിൽ മുട്ടുമടക്കാനും സാധിക്കുന്ന ഒരു സുവിശേഷകന്റെ ജീവിതം എന്റെ അനുഭവമായി മാറിയതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

അനുഭവ സാക്ഷ്യം

പുതിയൊരു ജീവിത ശൈലി

ലിനോ ജോസ്, നിത്യ ലിനോ &
ഐവാൻ മോസസ് ലിനോ

സഭാതല സുവിശേഷസംഘാംഗം, ഏഴാം ബാച്ച്

സുവിശേഷസംഘത്തിൽ വന്നതിനു ശേഷം വളരെയധികം മാറ്റങ്ങളാണ് ഞങ്ങളുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നല്ലൊരു ജീവിതശൈലി രൂപപ്പെടുത്തിയെടുക്കാൻ ഞങ്ങൾക്ക് സാധിച്ചു. സുവിശേഷസംഘത്തിലെ അഞ്ച് കാര്യങ്ങൾ ഒരു പരിധിവരെ നല്ലതുപോലെ ചെയ്യുവാൻ ഞങ്ങൾക്ക് സാധിക്കുന്നു. പരിശീലനഘട്ടത്തിൽ ലഭിച്ച ക്ലാസുകളും അറിവുകളും ഞങ്ങളുടെ ജീവിതത്തെ മറ്റൊരു തലത്തിൽ എത്തിക്കുവാൻ സഹായകമായി. സഭയുടെയും ആരാധനാ ക്രമത്തിന്റെയും ആഴമായ പഠനങ്ങൾ ഞങ്ങൾക്ക് സുവിശേഷസംഘം വഴി ലഭിച്ചു. ധാരാളം തെറ്റിദ്ധാരണകൾ അവിടുന്ന് ലഭിച്ച അറിവുകൾ വഴി മാറുവാൻ ഇടയായി. ഞങ്ങൾ സുവിശേഷ സംഘത്തിൽ എത്തിയത് ഒരു ദൈവനിയോഗമായി കരുതുന്നു. സുവിശേഷ സംഘത്തിന്റെ ആദ്യഘട്ട പരിശീലനത്തിൽ വരുമ്പോൾ ഞങ്ങൾ രണ്ടുപേരായാണ് വന്നത്. എന്നാൽ കൊറോണ കാരണം ഞങ്ങളുടെ കൈവയ്പ്പു ശുശ്രൂഷ രണ്ടു വർഷത്തോളം വൈകി. ഈ കാലഘട്ടത്തിൽ ദൈവം ഞങ്ങൾക്ക് ഒരു കുഞ്ഞിനെ ദാനമായി നൽകി. അവസാനഘട്ട പരിശീലനത്തിന് ഞങ്ങളുടെ കുഞ്ഞിനെയും കൊണ്ടാണ് പോയിരുന്നത്. അപ്പോഴൊക്കെ ബഹുമാനപ്പെട്ട അച്ചന്മാരും സിസ്റ്റേഴ്സും നൽകിയ സ്നേഹവും കരുതലും നന്ദിയോടെ ഓർക്കുന്നു. അവിടുന്ന് ലഭിച്ച ക്ലാസുകളുടെയും അറിവിന്റെയും അടിസ്ഥാനത്തിൽ ബൈബിൾ വായിക്കുവാനും ആഴമായി ഗ്രഹിക്കുവാനും വിശുദ്ധ കുർബാനയിൽ പൂർണ ഹൃദയത്തോടെ പങ്കെടുക്കുവാനും സാധിക്കുന്നു. സുവിശേഷ സംഘത്തിലെ ആളുകളുടെ ജീവിതാനുഭവങ്ങളുടെ പങ്കുവയ്ക്കൽ വലിയ ഒരു പ്രചോദനമാണ്. ഈ അവസരത്തിൽ ഞങ്ങൾ സുവിശേഷ സംഘത്തിൽ എത്തുവാൻ കാരണക്കാരനായ ബഹുമാനപ്പെട്ട ഗോഡ്ജോയ് അച്ചനെ നന്ദിയോടെ ഓർക്കുന്നു. അതുപോലെതന്നെ യുവജനങ്ങളെ എന്നും കൂടെ നിർത്തുന്ന അഭിവന്ദ്യനായ ആന്റണി മാർ സിൽവാനോസ് തിരുമേനിയെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.



മുഖമൊഴി

സുവിശേഷസംഘത്തിലൂടെ വിരിയുന്ന സിനഡാത്മകത

ഡോ. എബ്രഹാം ജോർജ്ജ്
സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ആഗോള കത്തോലിക്കാ സഭയിലുണ്ടാക്കിയ അലയൊലികൾ ഇനിയും അടങ്ങിയിട്ടില്ല, പരിശുദ്ധാത്മാവ് സഭയിൽ ഇന്നും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ സ്വർഗ്ഗീയ ഇടപെടൽ സഭയെ സജീവവും ചലനാത്മകവും ആക്കുന്നു. ഓരോ കാലഘട്ടത്തിലും ലോകം ആഗ്രഹിക്കുന്ന, ലോകത്തിന് ആവശ്യമായിരിക്കുന്ന കാഴ്ചപ്പാടുകൾ ഉണ്ടാകുവാൻ ദൈവം മാർപാപ്പാമാരിലൂടെ അനുഗ്രഹിക്കുന്നു. മൂന്നാം സഹസ്രാബ്ദത്തിലെ സഭ എപ്രകാരമായിരിക്കണം എന്നതിന്റെ ഉത്തരമാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ആഗോളസഭയുടെ തീവ്രമായ ആലോചനയ്ക്കായി നൽകിയിരിക്കുന്ന സിനഡാത്മക സഭ എന്ന വിഷയം. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലും നാം അത് സജീവമായി ചിന്തിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പാശ്ചാത്തലത്തിലാണ് 'റീഹോ ദ് ഏവൻഗേലിയോന്റെ' ഈ ലക്കം, ഈ സുപ്രധാന വിഷയം ഏവരുടെയും പരിചിന്തനത്തിനായി സമർപ്പിക്കുന്നത്.

വി. ക്രിസോസ്റ്റോമിന്റെ അഭിപ്രായത്തിൽ 'സഹയാത്രികരുടെ കൂട്ടായ്മയാണല്ലോ' സഭ. സഭയിലൂടെ നാം നടത്തുന്ന ഈ സീയോൻ യാത്രയിൽ സഹയാത്രികർ എല്ലാം സ്വീകരിക്കേണ്ട പാരസ്പര്യത്തിന്റെ പാഠങ്ങൾ നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ഈ സഹവർത്തിത്വത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ സ്വാംശീകരിക്കുകയും, അത് എല്ലാ പ്രവർത്തനങ്ങളിലും മനോഭാവങ്ങളിലും പ്രകടമാവുകയും ചെയ്യേണ്ടത് സുഗമമായ യാത്രയ്ക്ക് അനിവാര്യമാണ്. ദീർഘമായ യാത്രയിൽ ലക്ഷ്യം തെറ്റാതിരിക്കാൻ സഹയാത്രികർ എല്ലാം ഒന്നിച്ചായിരിക്കേണ്ടതും, പരസ്പരം കരുത്ത് പകരേണ്ടതും, കരുതേണ്ടതുമാണ്. അതാണ് ഒരു സിനഡാത്മക സഭ എന്നതുകൊണ്ട് വിവക്ഷിക്കേണ്ടത്.

വി. ബൈബിളിൽ നാം അനേകം യാത്രകളേപ്പറ്റി വായിക്കുന്നുണ്ട്. മോശയുടെ നേതൃത്വത്തിൽ മരുഭൂമിയിലൂടെയുള്ള യാത്ര, അടിമത്തിത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കുള്ള യാത്ര, രക്ഷയിലേക്കുള്ള യാത്ര, മോചനത്തിലേക്കുള്ള യാത്ര. നമ്മുടെ സീയോൻ യാത്രയിലും പലതരത്തിലുള്ള ബന്ധനങ്ങളുടെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ്, ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

പുതിയ നിയമത്തിലും നാം ധാരാളം യാത്രകളെപ്പറ്റി വായിക്കുന്നു. അതിൽ ഒരു പ്രധാനപ്പെട്ട യാത്രയാണല്ലോ എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ യാത്ര (ലൂക്കാ.24:13-35). ആ യാത്ര ഒരു സ്വയബോധത്തിലേക്ക്, തിരിച്ചറിവിലേക്കുള്ള യാത്രയായിരുന്നു. സഭയുടെ കൂട്ടായ ഈ ലോകയാത്രയിലും നമുക്ക് വേണ്ടത് ഈ തിരിച്ചറിവാണ്. ഈ തിരിച്ചറിവുകൾ നമുക്ക് നൽകുന്നത് ഉത്ഥിതനായ ക്രിസ്തുവാണ്. സഭയിൽ ഉൾപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും അവനവന്റെ ധർമ്മത്തെപ്പറ്റി, ഉത്തരവാദിത്തത്തെപ്പറ്റി ബോധ്യപ്പെടുമ്പോൾ മാത്രമേ യാത്ര സുഗമമാവുകയുള്ളൂ. ഇത് നേതാക്കന്മാർക്കും അനുയായികൾക്കും ഒരുപോലെ ബാധകമാണ്. കാരണം നാം സഹയാത്രികർ ആണ്. നേതാക്കന്മാരും അനുയായികളും അല്ല. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ സഹയാത്രികനായി യേശു ഉണ്ടായിരിക്കുന്നതുപോലെ നമ്മുടെ യാത്രയിലും യേശുവിന്റെ സാന്നിധ്യം ഉണ്ട്. അത് നാം തിരിച്ചറിയണം. ശിഷ്യന്മാർ യേശുവിനെ തിരിച്ചറിഞ്ഞതുപോലെ, വി. കൂദാശകളിലൂടെ നാം യേശുവിനെ തിരിച്ചറിയണം. ഈ തിരിച്ചറിവുകൾ നമുക്ക് കൂടുതൽ വ്യക്തമാകുന്നതിനുവേണ്ടിയാണ് നാം സിനഡാത്മക സഭയെപ്പറ്റി ചിന്തിക്കുന്നത്.

സുവിശേഷസംഘത്തിലെ അംഗങ്ങൾ എന്ന നിലയിൽ നാം 'വിളിക്കുള്ളിലെ വിളി' സ്വീകരിച്ചവരാണ്. ഇത് നമ്മുടെ സ്വർഗ്ഗീയ യാത്രയെപ്പറ്റി നമ്മെ ഓർമപ്പെടുത്തുന്നു. വഴിയും, സത്യവും, ജീവനുമായവനാണ് നമ്മുടെ ഈ യാത്രയിലെ നായകൻ. ആ നായകൻ കാണിക്കുന്ന വഴിയിലൂടെ മാത്രം യാത്ര ചെയ്യാനുള്ള കടമയാണ് നമുക്കുള്ളത്. ആ കടമ നാം സ്മരിക്കുകയും, അത് പ്രാവർത്തികമാവുകയും ചെയ്യുമ്പോൾ ഒരു സിനഡാത്മക സഭ എപ്രകാരമായിരിക്കണമെന്ന് നമുക്ക് ബോധ്യപ്പെടും.

കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം- ഈ മൂന്ന് വസ്തുതകൾ ഉൾച്ചേരുമ്പോൾ, സഭയുടെ ദൗത്യം പരിപൂർണ്ണമാകും. സഭാജീവിതത്തിലെ കൂട്ടായ്മ, ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തം, ഇത് രണ്ടും ചേരുമ്പോൾ നാം സ്വാഭാവികമായി പ്രേഷിതരായി മാറും. ഈ പ്രേഷിതത്ത്വത്തിലേക്കുള്ള വിളിയല്ലേ ഓരോ സുവിശേഷസംഘാംഗത്തിനും ഉള്ളത്. അനേകർ ഒന്നിച്ചുള്ള യാത്രയിൽ, ലക്ഷ്യത്തെപ്പറ്റി ശരിയായ ബോധ്യം ഇല്ലാത്തവർ ഉണ്ടാകാം, ക്ഷീണിച്ചുപോകുന്നവർ ഉണ്ടാകാം, വഴിതെറ്റിപ്പോകുന്നവർ ഉണ്ടാകാം, വഴിതെറ്റിക്കപ്പെടുന്നവർ ഉണ്ടാകാം ഇവരെല്ലാവരും ഒരേ ലക്ഷ്യത്തിലെക്ക് നയിക്കപ്പെടുമ്പോൾ മാത്രമേ ഒരു സിനഡാത്മക സഭ യാഥാർത്ഥ്യം ആവുകയുള്ളൂ. അതിനു നമുക്കൊരുമിച്ച് തയ്യാറെടുക്കാം. ഈ നോമ്പുകാലം അതിനുള്ള കഠിനാദ്ധ്വാനത്തിന്റെ കാലമായിരിക്കട്ടെ. എല്ലാവർക്കും ഉയിർപ്പുത്തിരുനാളിന്റെ ആശംസ നേർന്നുകൊള്ളുന്നു.

ധ്യാനചിന്ത

റവ. ഫാ തോമസ് നെടുമാൻകുഴിയിൽ
ഡയറക്ടർ, സുവിശേഷസംഘം
പത്തനംതിട്ട ഭദ്രാസനം

ഒരു വ്യക്തിയിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തങ്ങൾ കൃത്യതയോടെ നിർവഹിക്കുമ്പോഴാണ് ആ വ്യക്തി ജീവിതത്തിൽ പൂർണ്ണത പ്രാപിച്ചു എന്ന് പറയാൻ കഴിയുക. വി. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ ഇപ്രകാരം വായിക്കുന്നു "തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ" (24:45-46). ഭവനത്തിൽ ഉള്ളവർക്ക് എന്നുള്ളതുകൊണ്ട് എന്താണ് ശ്ലീഹാ ഉദ്ദേശിക്കുന്നത്. അത് നമ്മുടെ കുടുംബം ആവാം, ചുറ്റുപാടുകൾ ആകാം, നാം ആയിരിക്കുന്ന ഇടങ്ങൾ ഏതുമാവാം. കൂട്ടുത്തരവാദിത്വങ്ങളുടെ ചങ്ങലയിൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നവരാണ് മനുഷ്യർ. പരസ്പരത്വത്തിന്റെ വിലയും മൂല്യവും നമ്മുടെ ജീവിതത്തിൽ നിന്ന് തന്നെ നാം തിരിച്ചറിയുന്നതാണ്.

ഈ പരസ്പര സഹകരണവും ബന്ധവും ആരംഭിക്കുന്നത് കുടുംബത്തിൽ നിന്ന് തന്നെയാണ്. "ഗാർഹിക സഭ"യായി കുടുംബങ്ങളിൽ കൃപ നിറയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നാം പലപ്പോഴും ചിന്തിക്കാറുണ്ട്. കുടുംബങ്ങൾക്കായി, പ്രാർത്ഥനാ വിചിന്തനങ്ങൾക്കായി പരി. മാർപാപ്പ ഒരു വർഷം തന്നെ മാറ്റി വയ്ക്കുകയുണ്ടായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ അസംബ്ലിയുടെ ചിന്തയും മറ്റൊന്നായിരുന്നില്ല.

ഒരുവന്റെ സമ്പൂർണ്ണ വളർച്ചയുടെയും, സ്വഭാവരൂപീകരണത്തിന്റെയും അടിസ്ഥാനം കുടുംബം തന്നെയാണ്. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും പാഠങ്ങൾ പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നത് കുടുംബങ്ങളിലാണ്. അവിടെ ബന്ധങ്ങളിൽ ഉണ്ടാകുന്ന അപചയങ്ങൾ, മൂല്യത്തകർച്ച എന്നിവയൊക്കെ സുസ്ഥിതിയെ തന്നെ പ്രതികൂലമായി ബാധിക്കും. കാരണം സമൂഹത്തിന്റെ അടിസ്ഥാനം കുടുംബമാണല്ലോ.

സങ്കീർണ്ണതകളുടെ നടുവിൽ ആയിരിക്കുന്ന കുടുംബാന്തരീക്ഷങ്ങളാണ് ഇന്നിന്റേത്. കുടുംബങ്ങൾ അവരുടെ സ്വാഭാവികവിളി പിൻചെല്ലാൻ സാധിക്കാതെ വിഷമിക്കുന്ന സാഹചര്യങ്ങളുണ്ട്. വിവരസാങ്കേതികവിദ്യയുടെ പുരോഗതിയും സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള വഴിതെറ്റിയ ബന്ധങ്ങളുടെ വളർച്ചയും കുടുംബങ്ങൾക്കുള്ളിൽ വിള്ളലുകൾ വീഴ്ത്തുന്നുണ്ട്. പരസ്പരം കാണുവാനോ, കേൾക്കുവാനോ പോലും സാധിക്കാത്തത്ര 'അകലത്തിലേക്ക്' ഒരു ഭവനത്തിൽ വസിക്കുന്നവർ പോലും മാറിയിരിക്കുന്നു. മാറിവരുന്ന സാമൂഹിക ചുറ്റുപാടുകളും ജീവിത രീതികളും ജോലിത്തിരക്കുകളും മനുഷ്യബന്ധങ്ങളുടെ ആഴത്തെ രൂക്ഷമായി ബാധിച്ചിട്ടുണ്ട്. വിശ്വാസത്തിന്റെയും ആധ്യാത്മികതയുടെയും തലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണം ഇനി അങ്ങോട്ടുള്ള തലമുറയെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് സങ്കൽപ്പിക്കാൻ പോലും കഴിയില്ല. കുടുംബം ഇമ്പകരമല്ലാതെ ആകുമ്പോൾ അതുമായി ബന്ധപ്പെടുന്ന എല്ലാറ്റിനും താളപ്പിഴകൾ സംഭവിക്കും എന്നുള്ളതാണ് യാഥാർത്ഥ്യം. കാരണങ്ങൾ കണ്ടെത്തി പരിഹരിച്ചാൽ മാത്രമേ സുഗമമായ രീതിയിൽ മുന്നോട്ടു പോകുവാൻ സഭയ്ക്കും സമൂഹത്തിനും സാധിക്കുകയുള്ളൂ.

കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം എന്നിവയെക്കുറിച്ച് സഭ ചർച്ച ചെയ്യുന്ന സമയമാണിത്. കുടുംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഈ മൂന്നു കാര്യങ്ങൾ, അതിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിത മാണ്. വരാനിരിക്കുന്ന സഭയുടെ സിനഡ് അതിന്റെ പ്രമേയമായി ഇവയെ അവതരിപ്പിച്ചിരിക്കുന്നു. ഒരു സിനഡൽ സഭയുടെ രൂപീകരണത്തിന് കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പങ്കുവെയ്ക്കലിന്റെയും ഉത്തരവാദിത്തത്തിന്റെയും അടിത്തറ ഉണ്ടായിരിക്കണം. ഇവ ആരംഭിക്കുന്നത് എവിടെ നിന്നാണ് എന്നുള്ള ചോദ്യമാണ് 'കുടുംബം' എന്ന വലിയ ചിന്തയിലേക്ക് നമ്മെ നയിക്കുന്നത്. മൂന്നോ നാലോ അതിൽ കൂടുതലോ പേർ ഒന്നിച്ചു ജീവിക്കുന്ന ഇടം എന്നതിനപ്പുറം സ്നേഹത്തിന്റെയും കരുതലിന്റെയും കടമകളുടെയും കെട്ടുറപ്പുള്ള ഇടം എന്നാണ് കുടുംബത്തെ മനസ്സിലാക്കേണ്ടത്. ഓരോ വിശ്വാസിയുടെയും ചിന്തകളെ പരിഗണിക്കുന്ന ഈ വർഷത്തെ സഭയുടെ സിനഡിൽ നമുക്ക് നൽകാൻ കഴിയുന്ന ആശയങ്ങൾ, തീർച്ചയായും കുടുംബങ്ങളെ കുറിച്ചുള്ളതും കുടുംബങ്ങളിൽ നിന്ന് ലഭിക്കുന്നതും തന്നെയാണ്.

ഓരോ കുടുംബവും ഒരു ദൈവാലയമാണ്. മാതാപിതാക്കൾ നമുക്ക് വഴികാട്ടികളായി അവിടെയുണ്ട്. സഹോദരങ്ങൾ തുണയായി കൂടെയുണ്ട്. തണലായി മക്കൾ ഒപ്പമുണ്ട്. എത്ര ആനന്ദകരമായ അവസ്ഥയാണത്. പരസ്പരം ജീവൻ നഷ്ടപ്പെടുത്താൻ പോലും ആഴമേറിയ സ്നേഹബന്ധങ്ങൾ ഉണ്ടായിരുന്ന കുടുംബങ്ങളിൽ ഇന്ന് പരസ്പരം ജീവൻ എടുക്കാൻ തുനിയുന്ന കാഴ്ചകളാണ് ഉള്ളത്.

ചിന്തകളെയും കാഴ്ചപ്പാടുകളെയും തിരിച്ചറിഞ്ഞ് തിരുത്തിയെഴുതേണ്ട കാലമാണിത്. ലോകത്തിന്റെ നിലനിൽപ്പിനുതന്നെ വെല്ലുവിളിയാവുന്ന തരത്തിൽ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യമനസ്സുകളെ നന്മയുടെ തിരിച്ചറിവുകൾകൊണ്ട് ബലപ്പെടുത്താൻ കുടുംബങ്ങൾക്ക് തന്നെയാണ് സാധിക്കുക.

ദൈവത്തിന്റെ പരമോന്നത സ്നേഹം വെളിപ്പെടുന്ന, ദൈവജനം പിറവികൊള്ളുകയും വിശുദ്ധിയുടെ പടവുകളിൽ ചുവടുവയ്ക്കുകയും സഭയിലെ സവിശേഷ ദൗത്യങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന ഇടമാണ് കുടുംബം. ദൈവജനത്തിന്റെ അടിസ്ഥാന ഘടകമെന്ന നിലയിൽ സഭയുടെ പൗരോഹിത്യ, രാജകീയ, പ്രവാചകത്വ വിളികളിൽ ഓരോ കുടുംബവും സവിശേഷമായ പങ്കുവഹിക്കുന്നു. ഈ ദൗത്യങ്ങൾ കൃത്യതയോടെ അനുഷ്ഠിക്കപ്പെടുമ്പോൾ കുടുംബം വിശ്വാസം പ്രകാശിപ്പിക്കുകയും നൽകുകയും ആഴപ്പെടുത്തുകയും ചെയ്യുന്ന കൂട്ടായ്മയായി മാറും. ഒന്നിച്ചുചേർന്നു പരസ്പര സഹകരണത്തോടെ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യങ്ങൾ ചെയ്തുകൊണ്ട് നന്മയുടെ നിറകുടങ്ങളായി കുടുംബങ്ങൾ മാറുമ്പോൾ, മലമുകളിൽ ഉയർത്തിയ ദീപം പോലെ അവ പ്രകാശിക്കും.

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ

സഭാതല വാർത്തകൾ

നിയമനങ്ങൾ

മലങ്കര കത്തോലിക്കാ സുവിശേഷ സംഘത്തിന്റെ തുടക്കം മുതൽ എക്സിക്യൂട്ടിവ് സെക്രട്ടറിയായി സുവിശേഷ സംഘത്തെ വളർത്തുകയും 2022 ജൂലൈ 15-ന് മേൽപ്പട്ട ശുശ്രൂഷയിലേക്ക് ഉയർത്തപ്പെടുകയും ചെയ്ത അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിനെ സുവിശേഷ സംഘത്തിന്റെ പുതിയ ചെയർമാനായി പരി.സൂനഹദോസ് നിയോഗിച്ചു. അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് സെക്രട്ടറിയായിരുന്ന ബഹു. ബനഡിക്റ്റ് മൂഴിക്കര ഒഐസി അച്ചനെ പുതിയ എക്സിക്യൂട്ടിവ് സെക്രട്ടറിയായി പരി.സൂനഹദോസ് നിയമിച്ചു. സുവിശേഷ സംഘം ജോയിന്റ് സെക്രട്ടറി സി. ഡോ. മേരി പ്രസാദ് ഡി. എം നെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഇവാഞ്ചലൈസേഷൻ കമ്മീഷന്റെ പുതിയ സെക്രട്ടറി കൂടിയായി 2023 മാർച്ച് 1-ന് പരി. എപ്പിസ്ക്കോപ്പൽ സൂനഹദോസ് നിയമിച്ചു. പുതിയ ശുശ്രൂഷയിലേക്കു നിയമിതരായ അഭിവന്ദ്യ പിതാവിനും ബഹു. ബനഡിക്റ്റ് മൂഴിക്കര ഒഐസി അച്ചനും സിസ്റ്ററിനും സുവിശേഷ സംഘത്തിന്റെ സ്നേഹനിർഭരമായി പ്രാർത്ഥനാശംസകൾ.

അനുസ്മരണം

2022 ആഗസറ്റ് 25-26 തിയതികളിലായി ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും സുവിശേഷ സംഘത്തിന്റെ ചെയർമാനുമായിരുന്ന കാലം ചെയ്ത അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് പിതാവിന്റെ ഓർമ്മദിനത്തിലും അനുസ്മരണത്തിലും അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് ബഹൂ. ബനഡിക്റ്റ് മൂഴിക്കര ഒഐസി, സി.മേരി പ്രസാദ് ഡി.എം എന്നിവർ പങ്കെടുത്തു.

കൈവയ്പ്പ് ശുശ്രൂഷ-പരിശീലനം

കൈവയ്പ്പു സ്വീകരിച്ച സഭാതല സുവിശേഷ സംഘം എഴാം ബാച്ചിന്റെ സംഗമവും തുടർ പരിശീലനവും ഒക്ടോബർ 1-ാം തിയതിയും സഭാതലം സുവിശേഷ സംഘം എട്ടാം ബാച്ചിന്റെ പരിശീലനങ്ങളും 2022 സെപ്റ്റംബർ 22-24, ഡിസംബർ 15-17 കാതോലിക്കേറ്റിൽ വച്ചു നടത്തി.

ലക്സിയോ ദിവീനാ

2021 ഒക്ടോബർ 31 ന് ഡീക്കൻമാർക്കുള്ള പാസ്റ്ററൽ കോഴ്സിലും 2022 ഫെബ്രുവരി 8 ന് കാതോലിക്കേറ്റിൽ നടന്ന വൈദികരുടെ തുടർ പരിശീലനത്തിലും, അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെയും ബഹൂ. ഫാ. ബനഡിക്റ്റ് മൂഴിക്കര ഒ.ഐ.സി, സി.മേരി പ്രസാദ് ഡി.എം ന്റെയും നേതൃത്വത്തിൽ ലക്സിയോ ദിവീനാ നടത്തി.

മാർ ഇവാനിയോസ് കബർ മിനിസ്ട്രി

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടത്തിൽ എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകിട്ട് 4 മണിവരെ സുവിശേഷസംഘാഗങ്ങളുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്ന മാർ ഇവാനിയോസ് കബർ മിനിസ്ട്രിയിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു. കുടാതെ ഓൺലൈനായി എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 7 മുതൽ 8.15 വരെ നടക്കുന്ന സുവിശേഷസന്ധ്യയിലും വെള്ളിയാഴ്ച രാവിലെ 11 മണി മുതൽ 12 വരെ നടന്നുവരുന്ന പ്രാർത്ഥന കുട്ടായ്മയിലും ധാരാളം സുവിശേഷസംഘാംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും വചനപ്രഘോഷണം നടത്തുകയും ചെയ്യുന്നു.

ഭദ്രാസനതല വാർത്തകൾ

ഭദ്രാസന സുവിശേഷസംഘം ഡയറക്ടർമാർ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ ബഹൂ. ഫാ. ആദർശ് കുമ്പളത്ത്, ബത്തേരി ഭദ്രാസനത്തിൽ ബഹൂ. ഫാ. വിൽസൻ കൊച്ചുപ്ളാക്കൽ, ഗുഡ്ഗാവ് ഭദ്രാസനത്തിൽ ബഹു. ഫാ. ജോസഫ് പ്ളാക്കുട്ടത്തിൽ, മാർത്താണ്ഡം ഭദ്രാസനത്തിൽ ബഹൂ. ഫാ. ജെബിൻ ജോൺ ലണ്ടൻ റീജണിൽ ബഹൂ. ഫാ. കുര്യക്കോസ് തിരുവാലിൽ എന്നിവരെ ഭദ്രാസന സുവിശേഷസംഘ ഡയറക്ടർമാരായി നിയമിച്ചു.

കൈവയ്പ്പ് ശുശ്രൂഷ

തിരുവല്ലാ അതിഭദ്രാസനതലത്തിൽ 2018 മുതൽ പരിശീലനത്തിലായിരുന്ന മൂന്നാം ബാച്ചിലെ 43 പേരുടെ കൈവയ്പ്പ് ഫെബ്രവരി 14-ാം തിയതി തിരുവല്ലാ സെന്റ് ജോൺസ് കത്തിഡ്രലിൽ വച്ച് തിരുവല്ല അതിഭദ്രസനാക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടേയും അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെയും കാർമ്മികത്വത്തിൽ ഉച്ചയ്ക്കുശേഷം 3 മണിക്കു അനുഗ്രഹപ്രഥമായി നടന്നു. വികാരി ജനറൽ പെരിയ ബഹു. ഫാ. ഡോ. ഐസക്ക് പറപ്പള്ളിൽ, തിരുവല്ലാ സുവിശേഷസംഘ ഡയറക്ടർ ബഹു. ഫാ. മാത്യൂ ചിറയിൽ, സെക്രട്ടറി ബഹു. സി. ഏലിയാമ്മ ഒ.എസ്സ്.എസ്സ്, അനേക വൈദികർ സന്യസ്തർ, കുടുംബാംഗങ്ങൾ, വിശ്വാസ സമൂഹം മുതലായവർ സന്നിഹിതരായിരുന്നു.

ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ
സുവിശേഷ സംഘത്തിന്റെ പുതിയ ചെയർമാൻ

സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടിവ് സെക്രട്ടറിയായി
നിയമിതനായ ഫാ. ബെനഡിക്റ്റ് മൂഴിക്കര OIC

സുവിശേഷ സംഗമം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ കൈവയ്പ്പു ലഭിച്ച സുവിശേഷ സംഘാംഗങ്ങളുടെ സംഗമം 2023 ഡിസബർ 3-ന് കാതോലിക്കേറ്റിൽ വച്ച് അത്യഭിവന്ദ്യ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പത്തനംതിട്ട ഭദ്രാസനത്തിൽ കൈവയ്പ്പു ലഭിച്ച സുവിശേഷ സംഘാംഗങ്ങളുടെ സംഗമം 2023 ജനുവരി 26-ന് തൈക്കാവ് ബഥനി ആശ്രമത്തിൽ വച്ചും നടത്തപ്പെട്ടു. മാർത്താണ്ഡം ഭദ്രസനത്തിൽ കൈവയ്പ്പു ലഭിച്ച സുവിശേഷ സംഘാംങ്ങളുടെ ഒക്ടോബർ 8-ന് കുഴിത്തുറയിൽ വച്ചും നടത്തി. ഖട്ക്കി-പൂനെ ഭദ്രാസനത്തിലെ റീജണൽ സുവിശേഷസംഘങ്ങളുടെ സംഗമങ്ങൾ യഥാക്രമം ബെംഗളൂരു റീജണിൽ 2022 നവംബർ 12ന് ഹെന്നൂർ ദൈവലായത്തിൽ വച്ചും, മുംബൈ റീജണിൽ 2023 ജനുവരി 29ന് ഘാർഗർ ദൈവലായത്തിൽ വച്ചും, പൂനെ റീജണിൽ 2023 ജനുവരി 30 ന് ഖട്ക്കി ദൈവാലയത്തിൽ വച്ചും, പാറശ്ശാല സുവിശേഷസംഘ സംഗമം മാർച്ച് 4-ാം തീയതി കുഴിഞ്ഞാൻവിള ദൈവാലയത്തിൽവച്ച് ബത്തേരി ഭദ്രാസന സംഗമം എടക്കര സ്രോതസസ്സിൽ വച്ച് 12-ാം തീയതിയും നടന്നു. ലണ്ടനിൽ പരിശീലനത്തിലായിക്കുന്ന സുവിശേഷ സംഘാംഗങ്ങളുടെ പരിശീലനം 2022 നവംബർ 25 മുതൽ 27 വരെ ഈസ്റ്റ് ലണ്ടൻ മിഷനിൽ വച്ച് അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

വൈദിക വിദ്യാർത്ഥികൾക്കായി നടത്തിയ ലെക്സിയോ ദിവീനാ

സുവിശേഷസംഘ സംഗമം, പൂനെ

സുവിശേഷസംഘ സംഗമം തിരുവനന്തപുരം മേജർ അതിഭദ്രാസനം

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ

കൈവയ്പ്പ് ശുശ്രൂഷ തിരുവല്ല അതിഭദ്രാസനം മൂന്നാം ബാച്ച് തിരുവല്ല കത്തീഡ്രൽ ദൈവാലയത്തിൽ

വൈദീക ജില്ലാ സുവിശേഷസംഘ രൂപീകരണം

2022 മുതൽ സുവിശേഷസംഘത്തിന്റെ പരിശീലനങ്ങൾ വൈദീകജില്ലകൾ കേന്ദ്രമാക്കി ആരംഭിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രസനം - അഞ്ചൽ, പുനലൂർ, തിരുവല്ലാ - റാന്നി, വെണ്ണിക്കുളം, ബത്തേരി - മാനന്തവാടി, ഇടക്കര-നിലമ്പുർ, മാവേലിക്കര - ചെങ്ങന്നൂർ, പാറശാല പാറശാല, മാർത്താണ്ഡം - കൊല്ലംകോട് എന്നീ വൈദിക ജില്ലകളിൽ ആരംഭിച്ച് പരീശിലനം തുടരുന്നു.

സുവിശേഷസംഘ പരിശീലനം ലണ്ടൻ, UK

സുവിശേഷസംഘ ശുശ്രൂഷകൾ

കോവിഡ് പ്രതിസന്ധിക്കു ശേഷം ഭദ്രാസനം, വൈദീകജില്ല, ഇടവക തുടങ്ങിയവ കേന്ദ്രീകരിച്ച് കൂട്ടായ്മകൾ ഭവനസന്ദർശനം, രോഗീസന്ദർശനം, ഇടവക ശുശ്രൂഷകൾ, മിഷൻ പ്രവർത്തനം, വചനപ്രഘോഷണം മറ്റ് വിവിധ ശുശ്രൂഷകൾ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ പുനരാംഭിച്ച് കാര്യക്ഷമമായി നടത്തി വരുന്നു.

സുവിശേഷസംഘ രൂപീകരണം അഞ്ചൽ വൈദീകജില്ല

സുവിശേഷസംഘ രൂപീകരണം വെണ്ണിക്കുളം വൈദീകജില്ല

സുവിശേഷസംഘ രൂപീകരണം പാറശ്ശാല വൈദീകജില്ല

സുവിശേഷസംഘ രൂപീകരണം എടക്കര-നിലമ്പൂർ വൈദീകജില്ല

സുവിശേഷസംഘ രൂപീകരണം ചെങ്ങന്നൂർ വൈദീകജില്ല

സുവിശേഷസംഘ രൂപീകരണം റാന്നി വൈദീകജില്ല

സുവിശേഷസംഘ രൂപീകരണം കൊല്ലംകോട് വൈദീകജില്ല

സുവിശേഷസംഘ സംഗമം ബെംഗളൂരു

(...... 2-ാം പേജിൽ നിന്നും തുടർച്ച)

സാർവത്രിക പ്രേഷിതനിയോഗം ഉൾപ്പെട്ടിട്ടില്ല എന്നത് ഓരോ സഭാ കൂട്ടായ്മകളെയും സത്യസന്ധമായ ആത്മശോധനയ്ക്ക് പ്രേരിപ്പിക്കണം. അതിലുപരി, വിഭജനത്തിന്റെ വാഗ്വാദത്തിലേർപ്പെട്ടവർ സൗകര്യപൂർവം വിസ്മരിച്ച ഒന്നാണ് സഭയുടെ സാർവത്രിക പ്രേഷിത നിയോഗം. ഒരു സഭ പ്രേഷിത നിയോഗത്തിൽ നിന്ന് ചുവടുമാറ്റം നടത്തുമ്പോൾ ദൈവജനത്തിന്റെ കൂട്ടായ്മയ്ക്ക് അപചയം സംഭവിക്കും; ലക്ഷ്യബോധം നഷ്ടപ്പെട്ടുപോകും. ചരിത്രം നൽകുന്ന ഈ പാഠം നാം വിസ്മരിക്കരുത്.

പങ്കാളിത്തം

കൂട്ടായ്മ ജീവിതം അനുഭവവേദ്യമാക്കുന്ന ആദ്യതലം പങ്കാളിത്തമാണ്. സഭാജീവിതത്തിലും പ്രേഷിത നിയോഗത്തിലും എല്ലാവരും പങ്കാളികളാകണം. പങ്കാളിത്തത്തെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും ഭരണപരമായ പങ്കാളിത്തമായി ചുരുങ്ങിപ്പോകുന്നത് ദൗർഭാഗ്യകരമാണ്. സ്ഥാനമാനങ്ങളിലുള്ള പങ്കാളിത്തമായിരിക്കരുത് നമ്മുടെ ആലോചനകളിൽ പ്രഥമ പരിഗണനയിൽ വരേണ്ടത്. പുണ്യപൂർണമായ ജീവിതം നയിച്ചുകൊണ്ട് വിശുദ്ധി പങ്കുവയ്ക്കാൻ നമുക്ക് സാധിക്കണം. അത്തരം പുണ്യജീവിതങ്ങളാണ് സഭയുടെ പ്രേഷിത വളർച്ചയിൽ മൂലക്കല്ലുകളായതെന്ന ചരിത്ര യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. സഭയുടെ കെട്ടുപണിയിലുള്ള പങ്കാളിത്തം നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ഭാഗം തന്നെയാണ്. സഭയെ ഒരു ആത്മീയ കൂട്ടായ്മയായി ഈ ലോകത്തിൽ നിലനിർത്താനും പരിപാലിക്കാനുമുള്ള ദൈവീക നിയോഗം ഏവർക്കും ഉണ്ട് എന്നത് നാം മറന്നുപോകരുത്. ഈ ലോകത്തിന്റെ പ്രവണതകളും ലൗകീകമായ പ്രലോഭനങ്ങളും സഭാജീവിതത്തിൽ പ്രവേശിക്കുമ്പോൾ അതിനെ പ്രതിരോധിക്കാനും അതിനു ബദലായി ആത്മീക നവീകരണ പ്രവർത്തനങ്ങളിലൂടെ തിരുസഭയെ ദൈവജനകൂട്ടായ്മയായി ഉറപ്പിക്കാനും ഏവരും പരിശ്രമിക്കണം. അതിനുവേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങളിൽ ഏവരും പങ്കാളികളാണം.

പങ്കാളിത്തത്തിന്റെ അടുത്തതലം, പ്രാപിച്ച കൃപകൾക്ക് അനുസൃതമായി നാം നിർവഹിക്കുന്ന സഭാശുശ്രൂഷയിലുള്ള പങ്കാളിത്തമാണ്. ദൈവശാസ്ത്രപരമായി പറഞ്ഞാൽ, ലഭിച്ച വിളിക്ക് അനുയോജ്യമായതും ലഭിച്ച പരിശുദ്ധാത്മ കൃപാദാനങ്ങൾക്ക് അനുസൃതമായ ശുശ്രൂഷ നിർവഹിക്കാൻ എല്ലാവരും പ്രത്യേകം പരിശ്രമിക്കണം. ഇക്കാര്യത്തിൽ അഭിഷിക്തർക്കും നേതൃത്വ ശുശ്രൂഷയിലായിരിക്കുന്നവർക്കും കൂടുതൽ ഉത്തരവാദിത്വം ഉണ്ട്. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം സഭയിലെ അഭിഷിക്തരും നേതാക്കന്മാരും ദൈവകരുണയുടെ കാര്യവിചാരിപ്പുകാരാണ് എന്നുള്ളതാണ്. തിരുസഭയിൽ പങ്കാളിത്തം അടിസ്ഥാനപരമായി സ്വന്തം സ്ഥാനം ഉറപ്പിക്കുന്ന പ്രക്രിയയല്ല. മറിച്ച്, ദൈവകരുണ മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കാനുള്ള ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിൽ പാർശ്വത്ക്കരിക്കപ്പെട്ടവർക്കും, അടിച്ചമർത്തപ്പെട്ടവർക്കും, ദുർബലർക്കും പ്രത്യേക പരിഗണന നൽകാൻ മൂന്നാം സഹസ്രാബ്ദത്തിലെ സഭാംഗങ്ങളോട് പരി. ഫ്രാൻസിസ് മാർപാപ്പാ ആവർത്തിച്ച് ആവശ്യപ്പെടുന്നു.

പങ്കാളിത്തം കരുണയുടെ ശുശ്രൂഷയാകുമ്പോൾ അത് ഒരു സാക്ഷ്യജീവിതമായി പരിവർത്തനം ചെയ്യപ്പെടുകയാണ്. “രക്ഷയുടെ സാർവത്രിക കൂദാശയായി സഭ നിലകൊള്ളുമ്പോൾ അത് വളരെ വ്യക്തമാകുന്നത് പങ്കാളിത്ത സ്വഭാവം കൈവരിക്കുമ്പോഴാണ്.” (*Preparatory Document for Synod*, 15) സുന്നഹദോസ് ശൈലിയിൽ ഊന്നിപ്പറയുന്ന പരസ്പരമുള്ള ശ്രവിക്കൽ ശബ്ദമില്ലാത്തവരേയും ശബ്ദിക്കാത്തവരേയും ശ്രവിക്കാനുള്ള ദൈവനിയോഗം കൂടിയാണെന്ന് നാം തിരിച്ചറിയണം. അരികിലായവരേയും അകലത്തായവരേയും ശ്രവിച്ചുകൊണ്ട് അവരെ പരിഗണിക്കുമ്പോൾ ദൈവകരുണ മനുഷ്യരൂപം പ്രാപിക്കുകയാണ്. അത്തരം മനുഷ്യാവതാരങ്ങൾ രക്ഷയുടെ അനുഭവം പ്രദാനം ചെയ്യും എന്നതിൽ രണ്ടുപക്ഷമില്ല. അവിടെ നടക്കുന്നത് രക്ഷയെക്കുറിച്ചുള്ള പരസ്യമായ, എന്നാൽ നിശ്ബദമായ, പ്രഘോഷണമാണ്. ആവശ്യക്കാരന്റെ അടുക്കലേയ്ക്ക് പ്രയാണം ചെയ്യുന്ന തീർത്ഥാടനം അതിൽ തന്നെ വിശ്വാസത്തിന്റെ ഒരു വലിയ സാക്ഷ്യമാണ്, പ്രേഷിത പ്രവർത്തനമാണ്. വർഗീയതയും വിഭാഗീയതയും തഴച്ചു വളരുന്ന ഈ കാലഘട്ടത്തിൽ അത്തരം സുവിശേഷ പ്രഘോഷണങ്ങൾ അനിവാര്യമാണ്.

Synod
2021
2023
For a synodal Church
communion | participation | mission

പ്രേഷിതത്വം

സഭ നയിക്കുന്ന ഒന്നിച്ചുള്ള നടത്തം (സുന്നഹദോസ്) ലക്ഷ്യബോധമില്ലാത്ത വിനോദയാത്രയല്ല. മറിച്ച്, ദൈവീകമായ ലക്ഷ്യം മുന്നിൽകണ്ട് സഭാമക്കൾ ഒന്നിച്ചു നടത്തുന്ന ഒരു തീർത്ഥയാത്രയാണ്. സാർവത്രികരക്ഷ ലക്ഷ്യമാക്കി നാം നടത്തുന്ന പ്രേഷിത പ്രവർത്തനമാണ് സുന്നഹദോസ് ശൈലിയുടെ പ്രധാന ലക്ഷ്യം. “ഒന്നിച്ചുള്ള യാത്ര തീർത്ഥാടകയും മിഷണറി ദൈവജനവുമായ സഭയുടെ സ്വഭാവത്തിന്റെ വെളിപ്പെടുത്തലും പുനരവതരണവുമാണ്’’ (*Preparatory Document for Synod*, 1). അതായത്, തീർത്ഥാടകയായ സഭയ്ക്ക് പ്രേഷിതയാകാതിരിക്കാനാവില്ല. അതുകൊണ്ട് പ്രേഷിത നിയോഗം മറന്നുകൊണ്ടോ ഉപേക്ഷിച്ചുകൊണ്ടോ ഉള്ള കൂട്ടായ മുന്നേറ്റം സുന്നഹദോസ് ശൈലിക്ക് വിരുദ്ധമാണ്.

സഭയിലെ കൂട്ടായ്മ വെറുമൊരു സാമൂഹിക കൂടിച്ചേരലായി (social get-together) വ്യാഖ്യാനിക്കുന്നത് ദൈവശാസ്ത്രപരമായി തെറ്റായ ശൈലിയാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സുന്നഹദോസ് യാത്ര നമ്മെ കൊണ്ടെത്തിക്കുന്നത് രക്ഷയുടെ പങ്കുവയ്ക്കലിലേയ്ക്കാണ്. ജനാധിപത്യ പ്രക്രിയയുടെ പുനരവതരണമായി സുന്നഹദോസ് ശൈലിയെ നാം വ്യാഖ്യാനിക്കാൻ പരിശ്രമിച്ചാൽ ആൾകൂട്ടത്തിന്റെ പ്രവർത്തനമായി സഭാജീവിതം ചുരുങ്ങിപ്പോകും. ഈ തീർത്ഥയാത്രയുടെ ആത്മീയ ശക്തി ചോർന്നുപോകുകയും ചെയ്യും. പ്രേഷിത നിയോഗത്തിലേയ്ക്ക് ഏവരേയും നയിക്കുമ്പോഴാണ് സഭാത്മക കൂട്ടായ്മകൾ അതിന്റെ സ്ഥാപന ലക്ഷ്യം കൈവരിക്കുന്നത്. അതായത്, “സിനഡാത്മക സഭയുടെ എല്ലാ അംഗങ്ങളും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത് മിഷനുവേണ്ടിയാണ്.” (*Preparatory Document for Synod*, ആമുഖം). അതിൽ നിന്ന് വ്യതിചലിക്കാൻ നമുക്ക് അവകാശമില്ല, കാരണം അത് ദൈവം ഭരമേൽപിച്ച നിയോഗമാണ്.

മൂന്നാം സഹസ്രാബ്ദത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത നിയോഗം

ഒരു വ്യക്തിഗത സഭയെന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത നിയോഗങ്ങൾക്ക് സാർവത്രിക സഭ നൽകുന്ന സ്ഥിരീകരണവും മാർഗദീപവുമാണ് സിനഡാത്മകത എന്നത്. കൂട്ടായ്മയിൽ നിർവത്തിയാകേണ്ട പ്രേഷിത മുന്നേറ്റമാണ് അത് അടിസ്ഥാനപരമായി നമ്മെ ഓർമപ്പെടുത്തുന്നത്. സാർവത്രിക കത്തോലിക്കാ സഭയുടെ കൂട്ടായ്മയുടെ സൗന്ദര്യം ഒട്ടും ചോരാതെ കഴിഞ്ഞ നൂറ്റാണ്ടിൽ കൊളുത്തിവച്ച പ്രേഷിത ദീപമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. സഭാകൂട്ടായ്മയിൽ വളർന്നു പന്തലിക്കുന്ന ഒരു പ്രേഷിതമരമാണ് ഈ അപ്പസ്തോലിക സഭയെന്ന് എല്ലാവരും അംഗീകരിച്ച് നമ്മെ അഭിനന്ദിക്കുമ്പോൾ, ഉള്ളിൽ അഭിമാന ബോധം മാത്രമല്ല, പ്രേഷിത തീക്ഷ്ണതയും ജ്വലിക്കണം.

സാർവത്രിക സഭയുമായുള്ള കൂട്ടായ്മ നഷ്ടപ്പെട്ട ഒരു അപ്പസ്തോലിക സഭ അവളുടെ പ്രേഷിത നിയോഗത്തിൽ എന്തുമാത്രം തളർന്നുപോകുമെന്ന് 1653-നു ശേഷമുള്ള മലങ്കര സഭയുടെ ചരിത്രം സാക്ഷിക്കുമ്പോൾ 1930 നു ശേഷമുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രം നൽകുന്ന പാഠം കൂട്ടായ്മ പ്രേഷിത പ്രവർത്തനത്തെ എത്രമാത്രം പ്രോത്സാഹിപ്പിക്കുന്നു എന്നുള്ളതാണ്. കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഈ കൂട്ടായ്മയുടെ ആന്തരിക തലവും ബാഹ്യതലവും ഒരു പോലെ പ്രസക്തമാണ്. ആന്തരികമായ കൂട്ടായ്മ (*communio ad intra*), സഭാപിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും തമ്മിലുള്ള കൂട്ടായ്മ ഉറപ്പിക്കാൻ മാത്രമല്ല, സഭയിലെ വിവിധ സഭാകൂട്ടായ്മകളും ഭക്തസംഘടനകളും തമ്മിലുള്ള കൂട്ടായ്മയുടെ അനിവാര്യതകൂടി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. സഭയ്ക്കുള്ളിൽ കൂട്ടായ്മയെ വളർത്തുന്നതിന്റെ അടിസ്ഥാനം ഭരണ-നിയമസംഹിത മാത്രമായി ചുരുക്കരുത്. അത്തരം സമീപനങ്ങളിൽ കൂടുതൽ വിഭാഗീയതയിലേയ്ക്ക് കൂട്ടായ്മകളെ തള്ളിവിടാനുള്ള അപകട സാധ്യത കൂടുതലാണ്. വിശ്വാസം ജീവിക്കുന്നതിലെ ഒരുമയും, ആരാധനയിലെ ഐക്യവും, സ്നേഹത്തിലെ പങ്കാളിത്തവും, ഭരണക്രമത്തിലെ അജപാലക സമീപനങ്ങളും കൂട്ടായ്മ അനുഭവത്തിന്റെ അടിസ്ഥാന തൂണുകളായി നാം ബലപ്പെടുത്തുമ്പോൾ ഏതൊരു സഭയെയും (വ്യക്തികഗത, പ്രാദേശിക, സാർവത്രിക തലങ്ങളിൽ) പൊതു സമൂഹത്തിൽ സാക്ഷ്യ സമൂഹമായി മാറും എന്നതിൽ സംശയമില്ല.

കൂട്ടായ്മയുടെ ബാഹ്യതലത്തെ (*communio ad extra*) കുറിച്ച് ചിന്തിക്കുമ്പോൾ, അകത്തോലിക്കാ സമൂഹങ്ങളും അക്രൈസ്തവ സമൂഹങ്ങളും സുന്നഹദോസ് യാത്രയിലെ നമ്മുടെ സഹയാത്രികരാണ്. അവരെ മാറ്റിനിറുത്താതെ അവരെയും ഉൾചേർക്കുന്ന വിശ്വാസ ജീവിത ശൈലിയും സമീപനങ്ങളും ഒരു സ്ഥലത്തിന്റെ പ്രദേശിക പ്രത്യേകതകൾ പരിഗണിച്ചുകൊണ്ടുള്ള സാക്ഷ്യജീവിതമായി മാറും. ലോകപുരോഗതിയുടെ ഈ കാലഘട്ടത്തിൽ സംവാദങ്ങളും സംഭാഷണങ്ങളും, അതിനു വേദിയൊരുക്കുന്ന പൊതു ആഘോഷങ്ങളും രക്ഷയുടെ സന്ദേശത്തിന്റെ സാക്ഷ്യജീവിതത്തിന്, നാം ഉപയോഗിച്ചാൽ, ഏറെ ഫലപ്രദമാണ്. സഭൈക്യ ചർച്ചകളും മതാന്തര സംവാദങ്ങളും, താത്വികമായാലും പ്രായോഗികമായാലും, അവയെ പ്രേഷിത പ്രവർത്തനങ്ങളോട് കോർത്തിണക്കുമ്പോൾ മാത്രമേ അവയ്ക്ക് പൂർണത കൈവരിക്കാനാവുകയുള്ളൂ. പ്രേഷിത നിയോഗത്തിൽ വ്യത്യസ്തമായി അവയെ മനസിലാക്കാനോ അവതരിപ്പിക്കാനോ ശ്രമിക്കുന്നത് ഭീരുത്വത്തിന്റെ ലക്ഷണമാണ്. നാം ഒരു സഭാകൂട്ടായ്മയായി നിരന്തരം ചോദിക്കേണ്ട കാര്യം “മാമോദീസായിലൂടെ ഒരു വ്യക്തിക്കു ലഭിച്ച മിഷണറി നിയോഗത്തെ യാഥാർത്ഥ്യമാക്കാൻ ഒരു സഭാകൂട്ടായ്മയ്ക്ക് എങ്ങനെ സാധിക്കും?” എന്നാണ്.

സമാപനം

ഭൂമിശാസ്ത്രപരമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ അവളുടെ അജപാലന പ്രവർത്തനങ്ങളിൽ സാർവത്രിക ഭാവം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് സമാന്തരമായി പ്രേഷിത മുന്നേറ്റത്തിലും മിഷന്റെ സാർവത്രിക ദർശനത്തിലൂന്നിയ പ്രവർത്തന ശൈലി നാം അനുവർത്തിക്കണം. അതിനു വിഘാതമായ ചിന്താധാരകളെയും പിൻതിരിപ്പൻ സമീപനങ്ങളെയും യാതൊരുതരത്തിലും നാം പ്രോത്സാഹിപ്പിക്കാൻ പാടില്ല. മൂന്നാം സഹസ്രാബ്ദത്തിലും കാലിക പ്രസക്തിയുള്ള ഒരു വ്യക്തിഗത സഭയായി നിലകൊള്ളണമെങ്കിൽ സഭയുടെ പ്രേഷിത തീക്ഷ്ണതയിൽ മാന്ദ്യം വരാതെ നാം നോക്കണം. ഇക്കാര്യത്തിൽ സഭാമക്കൾക്കുള്ള ഗൗരവമായ ഉത്തരവാദിത്വം നാം നിരന്തരം ഓർമപ്പെടുത്തണം. അഭിഷിക്തരേയും അല്മായരേയും പ്രേഷിത നിയോഗത്തിൽ ഒരു പോലെ കോർത്തിണക്കുന്ന നമ്മുടെ സഭയിലെ സുവിശേഷ സംഘത്തിന്റെ പ്രേഷിത ദർശനം സുന്നഹദോസ് ശൈലിയുടെ മലങ്കര മാതൃകയായി സാർവത്രിക സഭയിൽ നാം ഉയർത്തിപ്പിടിക്കണം. ഒരു സഭയായി നാം ജീവിച്ചുകൊണ്ടിരിക്കുന്ന സുന്നഹദോസ് ശൈലി കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് പുനർവ്യാഖ്യാനം ചെയ്യാൻ എല്ലായിടത്തും എപ്പോഴും നാം ഉത്സുകരായിരിക്കണം.

അനുഭവ സാക്ഷ്യം

ദൈവത്തിന് ഒന്നും അസാധ്യമല്ല

സി.വി. വർഗ്ഗീസ് & അച്ചാമ്മ ചെറിയാൻ
സഭാതല സുവിശേഷസംഘാംഗം
നാലാം ബാച്ച് & മൂന്നാം ബാച്ച്, തിരുവല്ല അതിഭദ്രാസനം

"നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലതുകൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത് ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും" (ഏശ.41:3).

തിരുവല്ല അതിഭദ്രാസനത്തിൽ മല്ലപ്പള്ളി വൈദിക ജില്ലയിൽ ചുങ്കപ്പാറ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇടവകാംഗങ്ങൾ ആണ് ഞങ്ങൾ. എനിക്ക് 2017 ജൂലൈ 15-ാം തീയതി തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാരിൽ നിന്നും കൈവയ്പ്പ് ലഭിച്ചു. എന്റെ ജീവിത പങ്കാളി അച്ചാമ്മ ചെറിയാൻ 2023 ഫെബ്രുവരി 14-ാം തീയതി തിരുവല്ല കത്തീഡ്രൽ പള്ളിയിൽ വെച്ച് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ കരങ്ങളാലും വന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ സഹശുശ്രൂഷയിലൂടെയും കൈവയ്പ്പിലൂടെ അഭിഷേകം സ്വീകരിക്കുകയുണ്ടായി. 2013 മുതൽ ഇടവക സുവിശേഷസംഘത്തിൽ ഞങ്ങൾ അംഗങ്ങളായിരുന്നു. ആരംഭ വർഷങ്ങളിൽ തന്നേ ഞങ്ങൾ രണ്ടുപേരും വളരെ കൃത്യനിഷ്ഠയോടുകൂടി സുവിശേഷ സംഘത്തിന്റെ ആദ്ധ്യാത്മിക ജീവിത ശൈലിക്കനുസരിച്ച് ജീവിക്കുവാൻ പരമാവധി ശ്രമിച്ചിരന്നു. എല്ലാ വ്യാഴാഴ്ചകളിലും ഞങ്ങൾ രോഗികളായി കിടക്കുന്നവരുടെ ഭവനങ്ങളിൽ പോകുകയും അർഹതപ്പെട്ടവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും അവർക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ആശ്വാസവാക്കുകളാൽ സാന്ത്വനപ്പെടുത്തുകയും ചെയ്തിരുന്നു. രാവിലെയും വൈകിട്ടും തിരികത്തിച്ച് ബൈബിൾ വായിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. സാധിക്കുന്നിടത്തോളം വി. ബലിയിൽ സംബന്ധിക്കുന്നു. രോഗാവസ്ഥയിൽ, ഉപവാസം, നോമ്പ്, വർജ്ജന കൃത്യമായി അനുഷ്ഠിക്കുവാൻ സാധിച്ചിരുന്നില്ല. മദ്യം, ലഹരി വസ്തുക്കൾ ഉപയോഗിക്കാറില്ല. മക്കൾക്കും, സഹോദരങ്ങളുടെയും ബന്ധുമിത്രാദികളുടെയും ഇടയിൽ സ്നേഹത്തോട് വർത്തിക്കുവാൻ ശ്രമിക്കുന്നു. തനിയെ ആയിരിക്കുന്ന സമയങ്ങളിൽ ദൈവത്തിന് നന്ദിയും സ്തുതിയും സ്തോത്രവും സമർപ്പിക്കാനും മറ്റുള്ളവർക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിപ്പാനും പരിശുദ്ധാത്മാവിന്റെ കൃപയാൽ സാധിക്കുന്നു. ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന പ്രാർത്ഥനാ നിയോഗങ്ങൾ മറക്കാതെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാനും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥതയാൽ സാധിക്കുന്നു.

ഈ സന്ദർഭങ്ങളിൽ ആണ് എന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധികൾ ഉണ്ടായത്. ഒന്നിന് പുറകെ മറ്റൊന്ന്. മരണത്തിന്റെ താഴ്വരയിൽ നിന്നും എന്നെ കൈപിടിച്ചു ഉയർത്തിയ എന്റെ പൊന്നുതമ്പുരാന്റെ മഹാകരുണയുടെ മുൻപിൽ ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നു. വാഗ്ദത്തങ്ങളിൽ വിശ്വസ്ഥനും വാക്ക് മാറാത്തവനുമായ ദൈവം എന്റെ ജീവിതത്തിൽ ചെയ്തുതന്ന വലിയ കാര്യങ്ങൾ മറ്റുള്ളവരുടെ മുൻപിൽ സാക്ഷിപ്പാൻ തന്ന ഈ അവസരത്തിനായി ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു... സ്തുതിക്കുന്നു... നന്ദിപറയുന്നു...

2020 ജൂൺ മാസം 15-ാം തീയതി കുളികഴിഞ്ഞ് ബാത്ത്റൂം ക്ലീൻ ചെയ്തു കൊണ്ടിരിക്കെ കാൽതെറ്റി വീണ് തലയുടെ പിറകിൽ 23 കുത്തിക്കെട്ടുകൾ വേണ്ട മുറിവുണ്ടായി. തലയുടെ അകത്തെ ഞരമ്പ് പൊട്ടിയിട്ട് അതിനും 9 കുത്തിക്കെട്ടുകൾ വേണ്ടിവന്നു. ഇത്രയും മാരകമായ മുറിവുണ്ടായിട്ടും സ്കാൻ ചെയ്തപ്പോൾ മറ്റു കുഴപ്പങ്ങൾ ഒന്നുമില്ല എന്ന് ഡോക്ടർ പറഞ്ഞു. എന്റെ ദൈവത്തിന് എങ്ങനെ നന്ദിപറയാതിരിക്കാൻ കഴിയും.

"ഞാൻ ദൈവസന്നിധിയിൽ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന് അവിടുന്ന് എന്റെ ജീവനെ മരണത്തിൻനിന്നും എന്റെ പാദങ്ങളെ വീഴ്ചയിൽ നിന്നും രക്ഷിച്ചിരിക്കുന്നു" (സങ്കീ.56:13). ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അതിനെ ജയിക്കുവാനുള്ള ശക്തി വചനത്തിലൂടെയും പ്രാർത്ഥനയിലൂടെയും നമുക്ക് ലഭിക്കുന്നു.

2021 ഒക്ടോബർ മാസം നെഞ്ചിൽ വേദന അനുഭവപ്പെട്ടപ്പോൾ ആൻജിയോഗ്രാം പരിശോധനയിൽ ഹാർട്ടിലെ പ്രധാന വാൽവുകളിൽ 4 ബ്ലോക്കുകൾ കാണപ്പെട്ടു. 2 ബ്ലോക്കുകൾ 6 ഇഞ്ച് നീളത്തിൽ 95% ആണ്. രക്തം നൂലിന്റെ കനത്തിൽ മാത്രമേ പാസ്സ് ചെയ്യുന്നുള്ളൂ എന്ന് അറിഞ്ഞ് ബാക്കി 2 ബ്ലോക്കുകൾ 85% 4 ഇഞ്ച് നീളത്തിൽ. മദ്യമോ ലഹരി വസ്തുക്കളോ കൊഴുപ്പുള്ള ഭക്ഷണമോ കഴിക്കാത്ത എനിക്ക് ഇത്ര വലിയ ബ്ലോക്കുകൾ എങ്ങനെയുണ്ടായ എന്ന് മനസിലാകുന്നില്ല. പാലാ മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റലിൽ ഓപ്പൺ ഹാർട്ട് സർജറിക്ക് വിധേയനായി. 6 ദിവസം വെന്റിലേറ്ററിൽ കടന്നു. അവിടെയും ദൈവത്തിന്റെ അദൃശ്യകരം എന്നെ തൊട്ടു, സൗഖ്യമായി. അനേക പ്രിയപ്പെട്ടവരുടെ പ്രാർത്ഥനയും കണ്ണുനീരും ദൈവം കൈക്കൊണ്ടു. ക്രമേണ 3 മാസംകൊണ്ട് പൂർണ്ണ സൗഖ്യം പ്രാപിച്ചു. ദൈവത്തിന്റെ സാന്നിധ്യം അനുഭവിച്ചറിഞ്ഞ സന്ദർഭമായിരുന്നു. "അനുദിനം നമ്മെ താങ്ങുന്ന കർത്താവ് വാഴ്ത്തപ്പെടട്ടെ! ദൈവമാണ് നമ്മുടെ രക്ഷ, നമ്മുടെ ദൈവം രക്ഷയുടെ ദൈവമാണ്. മരണത്തിൽ നിന്നുള്ള മോചനവും ദൈവമായ കർത്താവാണ് നൽകുന്നത്''. വീണ്ടും പരീക്ഷകളും ശോധനകളും നേരിട്ടുകൊണ്ടിരുന്നു. ജീവിതത്തിൽ വരുന്ന കുരിശുകളേയും പ്രതിസന്ധികളേയും സമാധാനത്തോട് തരണം ചെയ്യുവാൻ ദൈവത്തിന്റെ മഹാകൃപ ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു.

2022 ഈസ്റ്റർ ദിവസത്തിൽ വൈകിട്ട് എനിക്ക് വലിയ വയറുവേദനയുണ്ടായി. രാത്രി 2 മണിയായപ്പോൾ സഹിക്കാൻ കഴിയാത്ത വേദനയായി. ഹോസ്പിറ്റലിൽ ചെന്ന് സ്കാൻ ചെയ്തപ്പോൾ Gall bladder-ൽ infection ആണ് പഴുപ്പ് ഉണ്ട് എന്ന് അറിഞ്ഞു. അഡ്മിറ്റ് ചെയ്യാൻ ടെസ്റ്റ് ചെയ്തപ്പോൾ കൊറോണ വളരെ കൂടുതൽ ആയി എന്ന് ഡോക്ടർ പറഞ്ഞു. ഈ അവസ്ഥയിൽ വളരെ സീരിയസ് ആണ്. ഹാർട്ടിന്റെ ഓപ്പറേഷൻ കഴിഞ്ഞ് അധിക ദിവസങ്ങൾ ആകാത്തതുകൊണ്ട് രക്തം ക്ലോട്ട് ആകാതിരിക്കാൻ മരുന്ന് കഴിക്കുന്നതു കൊണ്ടും ഇപ്പോൾ ഓപ്പറേഷൻ ചെയ്യാൻ സാധ്യമല്ല. നിങ്ങൾ അറിയിക്കുവാൻ ഉള്ളവരെയൊക്കെ അറിയിക്കുക, പ്രാർത്ഥിക്കുക എന്ന് പറഞ്ഞ് എന്നെ ഐസിയു-ൽ അഡ്മിറ്റ് ചെയ്തു. ആ രാത്രി മുതൽ അനേകം പ്രിയപ്പെട്ടവരുടെ കണ്ണുനീരോടുകൂടിയുള്ള പ്രാർത്ഥനയാൽ 6-ാം ദിവസം കൊറോണ പൂർണ്ണമായി മാറി. മെഡിക്കൽ സയൻസ് എഴുതിത്തള്ളിയിടത്ത് എന്റെ തമ്പുരാൻ പുതിയ ജന്മം നൽകി. 5 മാസത്തോളം ചികിത്സ കഴിഞ്ഞാണ് Gall bladder-ലെ infection മാറുന്നത്.

പ്രതിസന്ധികൾ തീരുന്നില്ല. ഞങ്ങളുടെ കഷ്ഠതയിലും ഞെരുക്കങ്ങളിലും അവിടുന്ന് തന്റെ വലതുകൈനീട്ടി ഞങ്ങളെ സഹായിക്കുകയും ഉത്തരമരുളുകയും ചെയ്തു. എന്റെ ജീവിതപങ്കാളിക്ക് പ്രത്യേകിച്ച് അസുഖങ്ങൾ ഒന്നുമില്ലായിരുന്നു. എന്നാൽ കഴിഞ്ഞ ഡിസംബർ മാസം 14-ാം തീയതി Urine-ൽ രക്തം കണ്ടു. പ്രത്യേകിച്ച് വേദനയോ മറ്റ് അസ്വസ്ഥതകൾ ഒന്നും തന്നെയില്ലായിരുന്നു. 15-ാം തീയതി രാവിലെയും അതേ അവസ്ഥയായിരുന്നു. ഞങ്ങൾ ഹോസ്പിറ്റലിൽ പോയി. യൂറോളജിയുടെ ഡോക്ടറെ കണ്ടു. സി.റ്റി. സ്കാൻ ചെയ്തു. റിസൽട്ട് വന്നപ്പോൾ ഡോക്ടർ പറഞ്ഞു ഇടതുവശത്തെ കിഡ്നി 80% damage ആയി. കാൻസർ കാരണമാണ്. അത് എത്രയും പെട്ടെന്ന് നീക്കം ചെയ്യണം. ഞങ്ങൾ പല ഡോക്ടേഴ്സിനോടും അഭിപ്രായം ചോദിച്ചു. എല്ലാവരും പറഞ്ഞു: എത്രയും വേഗം നീക്കം ചെയ്യുക. ഡിസംബർ 21-ാം തീയതി കിഡ്നി ഓപ്പറേഷൻ ചെയ്തുമാറ്റി. ബയോപ്സിയുടെ റിസൽട്ടിലും IHC test-ന്റെ Result-ലും Lungs-ലേക്ക് spread ആയിട്ടുണ്ട്. കീമോതെറാപ്പി ചെയ്യണം എന്നു പറഞ്ഞു. എന്നാൽ ജനുവരി 14-ും 15-ും സുവിശേഷസംഘത്തിന്റെ ക്ലാസുകൾക്ക് തിരുവല്ലയിൽ വന്നു. വിവരം അറിഞ്ഞ് അഭിവന്ദ്യ സിൽവാനോസ് പിതാവ് തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. ബഹു. ബനഡിക്ട് അച്ചനും, പ്രിയ മേരി പ്രസാദ് സിസ്റ്ററും, ബഹു. ഏലിയാമ്മ സിസ്റ്ററും സുവിശേഷസംഘാംഗങ്ങൾ എല്ലാവരുടെയും ഹൃദയം നിറഞ്ഞ പ്രാർത്ഥന അവൾക്ക് വളരെ അനുഗ്രഹമായി. പരിശുദ്ധാത്മാവിനോട് നിരന്തരം മാദ്ധ്യസ്ഥത യാചിച്ചുകൊണ്ടിരുന്നു. ജനുവരി 16-ാം തീയതി ഹോസ്പിറ്റലിൽ രക്ത പരിശോധനയും സ്കാനിങ്ങും ചെയ്തു. അവിടെ ദൈവത്തിന്റെ അത്ഭുതം നടന്നു. റിസൽട്ടിൽ യാതൊരു കുഴപ്പവും ഇല്ല. Lungs- ൽ Spread ആയിട്ടില്ല. കീമോയും ചെയ്യണ്ട. മരുന്നും കഴിക്കണ്ട എന്ന് ഡോക്ടർ പറഞ്ഞത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ''കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്ത് പകരം കൊടുക്കും. രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ.116:12-13). ഞങ്ങൾ 2 പേരും കൂടുതൽ തീക്ഷ്ണതയോട് സുവിശേഷം പ്രഘോഷിക്കുവാനും സുവിശേഷം ഞങ്ങളിൽ ജീവിക്കുവാനും തക്കവണ്ണം നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളിൽ ഞങ്ങളേയും ഓർക്കണമേ. എല്ലാ സുവിശേഷസംഘാംഗങ്ങൾക്കുവേണ്ടി ഞങ്ങളും പ്രാർത്ഥിക്കുന്നു.

സുവിശേഷസംഘാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

സുവിശേഷസംഘാംഗങ്ങൾ സംഭാവന അയയ്ക്കേണ്ട ബാങ്ക് അക്കൗണ്ട് നമ്പർ താഴെകൊടുത്തിരിക്കുന്നു
Suvishesha Sangam, CSB Bank
A/C No : 0298-04112633-190001
Pattom Branch, Trivandrum
IFSC : CSBK0000298

Contact : Fr. Benedict Moozhikara OIC, 8281512877

അനുഭവ സാക്ഷ്യം

ഇതെന്തൊരു കുറിയേലായിസ്സോൻ

നിർമ്മല മേരി

ഭദ്രാസനതല സുവിശേഷസംഘാംഗം,
പത്തനംതിട്ട ഭദ്രാസനം, മൂന്നാം ബാച്ച്

തിരുവനന്തപുരം ജില്ലയിൽ പനച്ചമൂടിനടുത്ത് നിലമാമ്മൂട് എന്ന സ്ഥലത്ത് ജനിച്ചു വളർന്ന ഞാൻ ലത്തീൻ സഭയിൽ ആയിരുന്നു. രണ്ടര വയസ്സ് കഴിഞ്ഞപ്പോൾ പനച്ചമൂടിനടുത്ത് താമസമാക്കി. മലങ്കര കത്തോലിക്കാ പള്ളിയിൽ പോയി തുടങ്ങി. ആദ്യമായി പള്ളിയിൽ പോയ ദിവസം വിശുദ്ധ കുർബാനയുടെ ചൊല്ലുകളൊക്കെ കേട്ടപ്പോൾ തന്നെ എന്റെ കുഞ്ഞുമനസ്സിൽ നീരസം തോന്നി. കാരണം മനുഷ്യർക്ക് മനസ്സിലാകാത്ത ബാറെക്മോറും കുറിയേലായിസ്സോനും ചൊല്ലുന്ന പള്ളി, ദുഃഖ വെള്ളിയാഴ്ചയ്ക്ക് കൈപ്പുനീരു കുടിപ്പിക്കും. ഇത് രണ്ടും എനിക്ക് ഇഷ്ടപ്പെട്ടില്ല. രണ്ടു കൊല്ലം കഴിഞ്ഞ് വീണ്ടും ഞങ്ങൾ നിലമാംമ്മൂട്ടിൽ താമസമാക്കുകയും ലത്തീൻ സഭയിൽ തുടരുകയും ചെയ്തു. ആശ്വാസമായി!

പെട്ടെന്നുള്ള എന്റെ അപ്പന്റെ മരണം കാരണം വീട്ടിൽ കഷ്ടപ്പാടായി. എട്ടു വർഷക്കാലം അനാഥാലയത്തിൽ കഴിഞ്ഞു. പത്താം ക്ലാസ് പാസായതോടെ വീട്ടിലേക്ക് വന്നു. കഠിന ദാരിദ്ര്യത്തിലും പലരുടെ സഹായത്താൽ പിഡിസി, ഡി എം എൽ റ്റി പഠിച്ച് ജോലിക്ക് കയറി. ഈ കാലഘട്ടത്തിൽ നാലു മക്കളിൽ എന്നെ മാത്രം എല്ലാ ദിവസവും വിശുദ്ധ കുർബാനയ്ക്ക് എന്റെ അമ്മ ഓടിച്ചു വിടുമായിരുന്നു. പള്ളിയിൽ ഏതുകാര്യത്തിനും ഏതു സമയത്തും ബഹു. സിസ്റ്റേഴ്സ് വിളിച്ചാൽ എന്നെ വിടുമായിരുന്നു. സങ്കടം വരുമ്പോൾ എല്ലാം പള്ളിയിൽ പോയിരുന്നു ഈശോയോട് പ്രാർത്ഥിക്കും. മതിയാവോളം കരയും. വിഷമം മാറുമ്പോൾ വീട്ടിലേക്ക് പോകും. ജപമാല പ്രാർത്ഥനയും ത്രികാലജപവും സുകൃതജപങ്ങളും ചൊല്ലി നടക്കും. ഈശോ മറിയം യൗസേപ്പേ എന്ന് ഉരുവിടും. ബഹു. വൈദികർക്കും ശുദ്ധീകരണ ആത്മാക്കൾക്കും പാപികളുടെ മാനസാന്തരത്തിനും വേണ്ടിയാണ് അന്നും ഇന്നും ഏറ്റവും കൂടുതൽ പ്രാർത്ഥിക്കുന്നത്. ദൈവം പണക്കാരുടേതാണ് പാവപ്പെട്ടവരെ ദൈവത്തിന് കണ്ണു കാണില്ല എന്ന് വിഷമഘട്ടങ്ങളിൽ പറഞ്ഞു പോയിട്ടുണ്ട്.

1986 ൽ എന്റെ വിവാഹം നടന്നു. രണ്ടു വർഷത്തിനുശേഷം ഒരു ജോലി അന്വേഷിച്ച് എന്റെ ജീവിതപങ്കാളി ചെന്നെത്തിയത് പത്തനംതിട്ട ജില്ലയിൽ കീക്കോഴൂർ എന്ന സ്ഥലത്ത് റബ്ബർ വെട്ട് ജോലിയിലാണ്. 9 മാസം പ്രായമുള്ള കൈക്കുഞ്ഞുമായി ഈ ദേശത്ത് വന്ന് വാടകവീട്ടിൽ താമസം തുടങ്ങി. ആദ്യമായി കത്തോലിക്കാ ദൈവാലയം അന്വേഷിച്ച് അറിഞ്ഞ് കീക്കോഴൂർ പള്ളിയിൽ എത്തി. പള്ളിക്കകത്തെ തിരശ്ശീല കണ്ടപ്പോൾ തന്നെ മനസ്സിലായി ഇത് കുറിയിലായിസ്സോൻ പള്ളിയാണെന്ന്. എന്റെ സന്തോഷമെല്ലാം അസ്തമിച്ചു. വേറെ നിവൃത്തിയില്ലാതെ തുടർന്നു. ഏഴ് വർഷക്കാലം വെറുതെ കാഴ്ചക്കാരെ പോലെ വന്നുപോയി. നാട്ടിൽ പോകുമ്പോഴാണ് കുമ്പസാരവും വിശുദ്ധ കുർബാനയും സ്വീകരിച്ചിരുന്നത്.

1996 ൽ ബഹു. മാത്യു പൊന്മേലിൽ അച്ചൻ ഈ ഇടവകയിലെത്തി. നല്ലൊരു ധ്യാനഗുരുവായ അച്ചൻ എല്ലാവരെയും പരിചയപ്പെട്ട് പല സ്ഥലങ്ങളിൽ നിന്നും വന്നു താമസിച്ചിരുന്ന എല്ലാ കുടുംബങ്ങളെയും സന്ദർശിച്ച് എല്ലാവരെയും ഈ ദൈവാലയത്തോട് ചേർത്തുവച്ചു. ഇടവകയിലും അച്ചന്റെ ധ്യാനകേന്ദ്രത്തിലും ഞങ്ങൾ പോയി തുടങ്ങി. മലങ്കര ആരാധന ക്രമത്തിന്റെ അർത്ഥം ഞങ്ങളെ പഠിപ്പിച്ചു. പുസ്തകം കയ്യിലെടുപ്പിച്ചു. അപ്പോഴാണ് കുറിയേലായിസ്സോൻ എന്ന വാക്കിന്റെ അർത്ഥം കാണാനിടയായത്. ഇത്ര ശ്രേഷ്ഠമായ വാക്കിനെ ആണല്ലോ ഞാൻ നിന്ദിച്ചു പോയതെന്ന് എന്റെ തെറ്റ് എനിക്ക് മനസ്സിലായി. പതിയെ മലങ്കര കത്തോലിക്കാ ക്രമം എനിക്കിഷ്ടമായി. പലവട്ടം നാട്ടിലേക്ക് തിരിച്ചു പോയിട്ടും നല്ല ദൈവം ഞങ്ങളെ ഇവിടെ തന്നെ ഉറപ്പിച്ചു. ഇപ്പോൾ 33 വർഷമായി. രണ്ട് പെൺമക്കളും മലങ്കര കത്തോലിക്ക കുടുംബങ്ങളിൽ വിവാഹിതരായി കഴിയുന്നു.

കുഞ്ഞുനാൾ മുതലേ ഈശോയെ എനിക്ക് ഒരുപാട് ഇഷ്ടമാണ്. കൂടുതൽ ആഴമായി ബന്ധം ഉണ്ടാകുവാനും വിശുദ്ധിയിൽ വളരുന്നതിനും ആഗ്രഹിച്ചു. പത്തനംതിട്ട രൂപതയിലെ സുവിശേഷ സംഘത്തിന്റെ മൂന്നാം ബാച്ചിൽ അന്നത്തെ എന്റെ വികാരി ബഹു. കുര്യാക്കോസ് കുത്തനേത്ത് അച്ചൻ എന്റെ പേര് ചേർക്കുകയും എന്നെ പ്രാർത്ഥിച്ച് അനുഗ്രഹിച്ച് ക്ലാസ്സിലേക്ക് അയക്കുകയും ചെയ്തു. തുടർന്ന് ബഹു. സിനു അച്ചന്റെ അനുഗ്രഹത്തോടെ നാലുവർഷക്കാലം എല്ലാ ക്ലാസ്സുകളിലും മുടക്കം കൂടാതെ പങ്കെടുക്കുവാൻ ദൈവം കൃപ നൽകി. 2022 മെയ് 28ന് ബഹു. ജിൻസ് അച്ചന്റെ അനുഗ്രഹത്തോടെ പത്തനംതിട്ട കത്തീഡ്രൽ പള്ളിയിൽ വെച്ച് 38 പേരിൽ ഒരാൾ ആയി അഭിവന്ദ്യനായ ഐറേനിയോസ് പിതാവിൽ നിന്ന് കൈവെപ്പ് സ്വീകരിച്ചു.

ജപമാല പ്രാർത്ഥനകൾ മാത്രം ചൊല്ലി നടന്ന ഞാനിപ്പോൾ യാമപ്രാർത്ഥനകളും മലങ്കര കത്തോലിക്കാ സഭയിലെ ജീവിതശൈലി സ്വന്തമാക്കുകയും ചെയ്യുന്നു. ബൈബിൾ ഇല്ലാതിരുന്ന എന്റെ വീട്ടിൽ എല്ലാവർക്കും സ്വന്തമായി വി. ബൈബിൾ ഉണ്ട്. എല്ലാവരും വ്യക്തിപരമായി വേദപുസ്തകം വായിക്കുന്നു. നോമ്പും ഉപവാസവും വർജ്ജനയും നന്നായിട്ട് ചെയ്യാൻ സാധിക്കുന്നു. സഭയോടും അധികാരികളോടും ചേർന്ന് നിൽക്കാനും എല്ലാ ശുശ്രൂഷകളിലും പങ്കെടുക്കുന്നതിനും സാധിക്കുന്നു. ഓൺലൈൻ വഴി നടക്കുന്ന പ്രാർത്ഥന വളരെയധികം അനുഗ്രഹമാകുന്നു. മറ്റുള്ളവരുടെ സങ്കടങ്ങൾ കേൾക്കുന്നതിനും അവർക്കുവേണ്ടി മധ്യസ്ഥ പ്രാർത്ഥന നടത്തുന്നതിനും സാധിക്കുന്നു. എല്ലാറ്റിലും ഉപരിയായി വേദപാഠം പഠിപ്പിക്കുന്നത് എനിക്ക് ഏറെ ഇഷ്ടമുള്ള കാര്യമാണ്. 25 വർഷമായി വേദപാഠം പഠിപ്പിക്കാൻ ദൈവം എന്നെ ഉപയോഗിക്കുന്നു. സുവിശേഷവൽക്കരണത്തിന്റെ ഭാഗമായി പത്തനംതിട്ട രൂപതയിൽ റവ. ഫാ. മാത്യു നെരിയാട്ടിലിന്റെ നേതൃത്വത്തിൽ ഒന്നാം ശനിയാഴ്ചകളിൽ സങ്കേതഭവനിൽ വച്ച് നടക്കുന്ന മധ്യസ്ഥ പ്രാർത്ഥനയിലും സജീവമായി പങ്കുകൊള്ളുന്നു.

സുവിശേഷ സംഘത്തിലെ അംഗങ്ങളിൽ സുവിശേഷത്തിന്റെ പരിമളം വാരിവിതറുന്ന അഭിവന്ദ്യ സിൽവാനോസ് പിതാവ്, ബഹു. ബെനഡിക്ട് അച്ചൻ, ബഹു. സി. മേരി പ്രസാദ് ഡി.എം., ബഹു. സി. സോഫിയ പോൾ, ബ. ആന്റണി കല്ലിൽ OIC അച്ചൻ ഈ മഹത്വ്യക്തികളുടെ സ്തുത്യർഹമായ സേവനത്തിന് ദൈവത്തോട് നന്ദി പറയുന്നു.

എന്റെ ഈശോയെ ഇന്നു ഞാൻ അറിയുന്നു ഈ പാപിയായ എന്നെയാണ് ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത്. എന്റെ ദൈവം കണ്ണുപൊട്ടൻ അല്ല.

''സ്വർഗ്ഗത്തിൽ നിന്ന് നോക്കിക്കാണണമേ. ഈ മുന്തിരിവള്ളിയെ അങ്ങയുടെ വലതു കൈ നട്ട ഈ മുന്തിരിവള്ളിയെ പരിഗണിക്കണമേ'' (സങ്കീ 80 :15).

അനുഭവ സാക്ഷ്യം

സഭ എന്ന ഭവനം

ജോണി സക്കറിയ &
ആനി തോമസ്

ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവല്ല അതിഭദ്രാസനം
മൂന്നാം ബാച്ച്

തിരുവല്ല അതിരൂപതയുടെ സുവിശേഷസംഘത്തിൽ വളരെ അവിചാരിതമായിട്ടാണ് ഞങ്ങൾ കടന്നുവന്നത്. ഒരു പ്രവാസ ജീവിതത്തിൽ നിന്നും വിരമിച്ച ഞങ്ങൾക്ക് സുവിശേഷം കൂടുതൽ പഠിക്കുവാൻ ആഗ്രഹം ഉണ്ട് എന്ന് നമ്മുടെ രൂപതാദ്ധ്യക്ഷൻ ബഹുമാനപ്പെട്ട കൂറിലോസ് തിരുമേനിയോട് ഒരിക്കൽ പറയാൻ ഇടയായതാണ് ഇതിൽ ചേരാൻ ഞങ്ങൾക്ക് പ്രചോദനം നൽകിയത്. ഇതിൽ ചേർന്ന് ഏതാനും ക്ലാസുകൾ കഴിഞ്ഞപ്പോൾ തന്നെ മനസ്സിലായി സുവിശേഷം ഒരു വിമോചനം ആണ്. സമൂഹനന്മയോടുള്ള ഒരു ഐക്യദാർഢ്യം ആണ് എന്ന്. ഇതിന് നേതൃത്വം കൊടുത്ത ബഹുമാപ്പട്ട ആന്റണി കാക്കനാട്ട് (ഇപ്പോഴത്തെ സിൽവാനോസ് പിതാവ്) അച്ചന്റെ ക്ലാസുകൾ വളരെയധികം തന്നെ ചിന്തിപ്പിക്കുന്നതും, വിജ്ഞാനപ്രദവും ആയിരുന്നു. കാരണം ആരെയും സരസമായി, ലളിതമായ ശൈലിയിൽ സുവിശേഷം പഠിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ ഓരോ ക്ലാസുകളും ഉദാഹരണ സഹിതം മനസ്സിലാക്കിത്തരുവാൻ, Open discussion - ലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞു എന്നതാണ് സത്യം. അതുപോലെതന്നെ സിസ്സർ മേരി പ്രസാദ് പോലെയുള്ളവരുടെ വളരെ ഗഹനമായ ക്ലാസുകൾ ബൈബിളിലേക്ക് ആഴപ്പെടാൻ സാധിച്ചു എന്നത് എടുത്തുപറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ക്രിസ്തു ഉള്ളിൽ ഉള്ളവനാണ് ക്രിസ്ത്യാനി എന്നും സുവിശേഷസംഘാംഗങ്ങൾ പാലിക്കേണ്ട ചിട്ടകൾ എന്താണ് എന്നും, വാക്കുകളേക്കാൾ പ്രവൃത്തിയാണ്, പ്രവൃത്തി ഇല്ലാത്ത പ്രാർത്ഥന നിർജീവം ആണ് എന്ന വലിയ തിരിച്ചറിവാണ് ഈ ക്ലാസുകളിലൂടെ ലഭിച്ചത്. സ്വയം വിശുദ്ധീകരണം ആണ് കാതൽ. അതായത് ഞാനാണ് ആദ്യം നന്നാകേണ്ടത് എന്നസത്യം ആദ്യം അവനവൻ തിരിച്ചറിയുമ്പോൾ ആണ് സാക്ഷ്യജീവിതം പ്രാവർത്തികം ആക്കുവാൻ സാധിക്കൂ. സന്ധ്യാപ്രാർത്ഥനകൾ മാത്രം നടത്തിയിരുന്ന ഞങ്ങൾക്ക് ഇതിൽ അംഗം ആയതിൽ പിന്നെ യാമ പ്രാർത്ഥനയുടെ ഭാഗമായ പ്രഭാതപ്രാർത്ഥന കൂടെ സ്ഥിരമായി നടത്തുവാനും ബൈബിൾ പലതവണ വായിച്ച് അപഗ്രഥിച്ച് വിചിന്തനം ചെയ്യുവാനും സാധിച്ചു. Lectio Divina എന്ന വിശുദ്ധ വായനയിലൂടെ ബൈബിൾ വായന വളരെ രസകരമായ ഒരു അനുഭവം ആണ് തന്നത് എന്ന് എടുത്ത് പറയാൻ ആഗ്രഹിക്കുന്നു. ഉച്ചത്തിൽ ബൈബിൾ വായിച്ച് വിചിന്തനം ചെയ്യുവാനും അത് പ്രാർത്ഥന ആക്കി മാറ്റി ജീവിതത്തിൽ പ്രാവർത്തികം ആക്കുവാൻ ഈ ക്ലാസുകൾ വളരെ അധികം ഉപകരിക്കുന്നുണ്ട്. ഭയപ്പാടിന്റെ ആത്മീയാനുഭവമല്ല മറിച്ച് വചനത്തിന്റെ ജീവൻ തിരിച്ചറിയുവാൻ സാധിച്ചതിൽ നിന്ന് പല ഭൗതീക സുഖങ്ങളും വേണ്ടന്ന് വെയ്ക്കുവാൻ ഈ കൂട്ടായ്മ സഹായിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു.

സുവിശേഷം പ്രഘോഷിക്കുക എന്നത് ഏതൊരു ക്രിസ്ത്യാനിയുടെയും ധർമ്മം ആണ്. നമ്മുടെ ഇന്നത്തെ സമൂഹ്യമാധ്യമങ്ങളിലൂടെ നമുക്ക് ചുറ്റും ഉള്ളവരിലേക്ക് ഏത്ര ദൂരത്തുള്ളവർ ആയാൽ പോലും ഈ സുവിശേഷം എത്തിക്കുവാൻ ഒരു പരിധിവരെ സാധിക്കുന്നു എന്നതിൽ സന്തോഷിക്കുന്നു.

നാലുവർഷക്കാലം സഭ തങ്ങളുടെ ആത്മീയ വളർച്ചക്ക് എത്ര വലിയ പ്രാധാന്യം ആണ് കൊടുത്തത് എന്ന് ചിന്തിക്കുമ്പോൾ തന്നെ വലിയ നന്ദിയും കടപ്പാടും ഉണ്ട്. പ്രത്യേകിച്ച് ഇതിന്റെ പര്യവസാനമായ കൈവെയ്പ്പ് എന്ന ശുശ്രൂഷ വലിയ അനുഗ്രഹപ്രദമായിരുന്നു. അതിനുള്ള ഒരുക്കങ്ങൾ ഇതിന്റെ ഭാരവാഹികൾ വളരെ കൃത്യനിഷ്ഠയോടെയും ഒരുപാട് കഷ്ടപ്പെട്ടും ചെയ്ത് എന്നത് ഒരു വലിയ തിരിച്ചറിവ് ആയിരുന്നു. 2023 ഫെബ്രുവരി 14-ന് ബഹുമാനപ്പെട്ട കൂറിലോസ് മെത്രാപ്പോലീത്തായുടെയും ബഹു. ആന്റണി മാർ സിൽവാനോസ് പിതാവിന്റെയും കാർമ്മികത്വത്തിൽ ഞങ്ങൾക്ക് കൈവയ്പ്പ് ലഭിച്ചതിൽ ദൈവത്തിന് നന്ദിപറയുന്നു.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിലൂടെ യോജിപ്പിക്കപ്പെട്ട ദൈവവിശ്വാസികളുടെ ഒരു സമൂഹമാണല്ലോ സഭ. വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും ഉപവിയുടെയും ജീവിതത്തിലൂടെ പൊതു പൗരോഹിത്യത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സഭയോട് എന്നും കടപ്പെട്ടിരിക്കുന്നു. സഭയുടെ എല്ലാ തലങ്ങളിലും അൽമായരും അജപാലകരും ഒന്നിച്ച് നടക്കാൻ സമയമായി. വിശ്വാസികൾ സഭയിൽ വിരുന്നുകാർ അല്ല മറിച്ച് അവരുടെ വീടാണ് എന്ന് കരുതി പ്രവർത്തന നിരതർ ആകേണ്ടവർ ആണ്. തൊഴിൽ, സംസ്കാരം, രാഷ്ട്രീയം തുടങ്ങിയ മതേതര രംഗങ്ങളിൽ അജപാലകരോട് തോൾചേർന്ന് വിശ്വാസികൾ സാക്ഷ്യം നൽകാൻ തയ്യാറാകണം. മലങ്കര കത്തോലിക്ക സഭയിൽ സഭാനവീകരണം എന്നേ തുടങ്ങിക്കഴിഞ്ഞു എന്ന് പറയാൻ നമുക്ക് സാധിക്കും. കാരണം സഭയുടെ സുവിശേഷസംഘ രൂപീകരണത്തിലൂടെ നമ്മുടെ പിതാക്കന്മാർ എത്രമാത്രം ദീർഘവീക്ഷണം ഉള്ളവരാണ് എന്നതിന്റെ തെളിവാണ് ഈ സുവിശേഷസംഘ രൂപീകരണം.

മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി
കബറിങ്കൽ ഉപവാസ പ്രാർത്ഥന
എല്ലാ വെള്ളിയാഴ്ചകളിലും
രാവിലെ 11 മുതൽ 12 വരെ
zoom
Meeting ID : 85199070431
Passcode : 600521
നിയോഗങ്ങൾ അറിയിക്കുക
Mob No: 8281512877

അനുഭവ സാക്ഷ്യം

ദൈവം എനിക്കു സഹായം

ജോൺ സി. ജി.
ഭദ്രാസനതല സുവിശേഷസംഘാംഗം
പത്തനംതിട്ട ഭദ്രാസനം, മൂന്നാം ബാച്ച്

“ആകയാൽ യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും”(റോമാ 10:9).

വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഈ വചനം നമ്മുടെ സ്വന്തം ജീവിതത്തിലും കുടുംബത്തിലും മറ്റുള്ളവരിലേക്കും ജീവിതംകൊണ്ടും പ്രവർത്തികൊണ്ടും സാക്ഷ്യം കൊണ്ടും പകർന്നു കൊടുക്കാൻ വിളിക്കപ്പെട്ടവരാണ് സുവിശേഷസംഘാംഗങ്ങൾ. മലങ്കര കത്തോലിക്കരെല്ലാവരും സുവിശേഷ സംഘാംഗങ്ങൾ ആയിത്തീർന്നാൽ മാത്രമേ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നമായിരുന്ന ഭാരത സുവിശേഷ വൽക്കരണം പൂർത്തീകരിക്കുകയുള്ളൂ എന്ന ബോധ്യം ലഭിച്ചു.

പത്തനംതിട്ട രൂപതയിൽ 2022 മേയ് 28-ാം തീയതി അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിന്റെ കൈകളാൽ കൈവെപ്പ് സ്വീകരിച്ച സാധാരണ തൊഴിലാളിയായ ഞാൻ ദൈവവചന ശുശ്രൂഷ ഇടവകതലത്തിലും മധ്യസ്ഥ പ്രാർത്ഥന രൂപതാ തലത്തിലും നടത്തുവാൻ ദൈവം അവസരം ഒരുക്കുന്നതിനു ദൈവത്തിന് നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

നിങ്ങളെന്നെ തിരഞ്ഞെടുക്കുകയല്ല എന്നാൽ ഞാനാണ് നിങ്ങളെ തിരഞ്ഞെടുത്തത് എന്ന കർത്താവിന്റെ വചനം എന്നിൽ അർത്ഥപൂർണ്ണമാവുകയാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. ഹെബ്രായർ 11, 12 അധ്യായങ്ങളിലൂടെ നമുക്ക് ലഭിച്ച ക്ലാസിന്റെ അടിസ്ഥാനത്തിൽ ഉറച്ചുനിന്ന് വിശ്വാസത്തിൽ മുന്നേറുവാൻ സാധിക്കണം. ഒരു മതാധ്യാപകൻ എന്ന നിലയിൽ കുട്ടികളോടും ഇടവക തലത്തിൽ നിന്നും വചനം പങ്കുവയ്ക്കുവാനും വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രേഷിത പ്രവർത്തനത്തിലും ഭാരതം മുഴുവൻ സുവിശേഷം എത്തിക്കുന്നതിന്റെ ഭാഗമായി രൂപതതലത്തിൽ പ്രവർത്തിക്കുന്ന സുവിശേഷ കാര്യാലയത്തിന്റെ വിവിധ പ്രവർത്തനത്തിലും വ്യക്തികളിലേക്ക് വചനം പങ്കുവെക്കുന്നതിന്റെ ഭാഗമായി സോഷ്യൽ മീഡിയയിലൂടെയും യേശുവിന്റെ സാക്ഷിയായി ജീവിക്കുവാനുള്ള കൃപ ലഭിക്കുന്നു.

ജീവിതപങ്കാളിയും സുവിശേഷ സംഘംവഴി എനിക്കു ലഭിച്ച അറിവുകൾ പങ്കുവച്ചപ്പോൾ എന്റെ ജീവിത പങ്കാളിയും അനുദിനം ഉള്ള വിശുദ്ധ ബലിയിലും യാമ പ്രാർത്ഥനയിലും നോമ്പ്, വർജ്ജന, ഉപവാസം, മധ്യസ്ഥ പ്രാർത്ഥന, പ്രേക്ഷിത പ്രവർത്തനം എന്നിവയിലും സജീവമായി പങ്കുചേരുന്നു. ഞങ്ങളുടെ ഈ ജീവിതം സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുന്ന മകന് വലിയ പ്രചോദനമാകുന്നു.

കൂടാതെ മകൾക്കും അവളുടെ ഭർത്താവിനും ഞങ്ങളുടെ ജീവിതം മാതൃകയാകുന്നതിന് തമ്പുരാന് നന്ദി പറയുന്നു. സുവിശേഷസംഘത്തിൽ തന്നിരിക്കുന്ന 25 കൽപ്പനകൾ പാലിക്കുന്നതിലൂടെ നാം ബുദ്ധിയുടെ തലത്തിൽ മാത്രമല്ല അല്ല വിശ്വാസത്തിലൂടെയുമാണ് ദൈവത്തെ അന്വേഷിക്കേണ്ടതെന്ന സത്യം ബോധ്യമാകുന്നു. നമ്മൾ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുമ്പോൾ ദൈവം നമുക്ക് ആവശ്യമായ എല്ലാം നൽകി അനുഗ്രഹിക്കും എന്നതിന്റെ തെളിവാണ് എനിക്ക് അവകാശമായി ലഭിക്കേണ്ട പിതൃസ്വത്ത് 25 വർഷമായി ലഭിക്കാതെ വാടകവീട്ടിൽ കഴിഞ്ഞിരുന്ന എനിക്ക് അത് നൽകി ദൈവം അനുഗ്രഹിച്ചു എന്നുള്ളത്.

“തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ കർത്താവ് അവർക്ക് വേണ്ടത് നൽകുന്നു” (സങ്കീ. 127:2).

സുവിശേഷസംഘ കൂട്ടായ്മയിൽ പങ്കുചേർന്ന് അനുദിനം നവീകരിക്കപ്പെട്ട മറ്റൊരു സുവിശേഷം ആയി തീരാൻ പ്രാർത്ഥിക്കുന്നു.

അനുഭവ സാക്ഷ്യം

അഭിഷേക ജീവിതം

അൽഫോൺസ ഡി
ഭദ്രാസനതല സുവിശേഷസംഘാംഗം,
പത്തനംതിട്ട ഭദ്രാസനം, മൂന്നാം ബാച്ച്

“അവൻ അവരോട് പറഞ്ഞു നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (ലൂക്കാ 16:15).

ദൈവ തിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ!

സുവിശേഷ സംഘത്തിലേക്ക് എന്നെ എത്തിച്ചത് ബഹുമാനപ്പെട്ട സ്ലീബാദാസ് ചരിവു പുരയിടത്തിൽ അച്ചനാണ്. എന്റെ ആത്മീയ ഗുരുവായി അച്ചനെ തിരഞ്ഞെടുത്തു. സുവിശേഷ സംഘത്തിൽ വന്ന് ചേർന്നതുമുതൽ എനിക്ക് ആത്മീകവും ഭൗതികവുമായ ഒരുപാട് അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. ആത്മീയമായ നേട്ടങ്ങളിൽ എടുത്തു പറയാനുള്ളത് എനിക്ക് നന്നായി പ്രാർത്ഥിക്കാനും ദിവസവും ദിവ്യബലി മുടങ്ങാതെ അർപ്പിക്കുവാനും കഴിഞ്ഞു എന്നതാണ്. വൈകിട്ട് അരമണിക്കൂർ നേരം മാത്രമായി ചുരുങ്ങിയിരുന്ന കുടുംബ പ്രാർത്ഥന ഇപ്പോൾ അഭിഷേകത്തോടെ മണിക്കൂറുകളോളം ഇരുന്ന് പ്രാർത്ഥിക്കുവാൻ സാധിക്കുന്നു. ബൈബിൾ വായനയിലും ധ്യാനത്തിലും ദിവ്യബലി അർപ്പണത്തിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ബഹുമാനപെട്ട ഡോക്ടർ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ ക്ലാസ്സിൽ വളരെ ഹൃദ്യമായി പിതാവ് പറഞ്ഞു തന്നു. ആ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് തിരി കത്തിച്ചുവച്ച് അരമണിക്കൂർ ബൈബിൾ വായിക്കുവാനും, കുടുംബ പ്രാർത്ഥന, ജപമാല മുതലായവ കൂടുതൽ സമയമെടുത്ത് പ്രാർത്ഥിക്കുവാനും സാധിക്കുന്നു. വിശുദ്ധ കുർബാനയ്ക്ക് ദൈവാലയത്തിൽ താമസിച്ചു ചെന്നുകൊണ്ടിരുന്ന ഞാൻ ഇപ്പോൾ പ്രഭാത പ്രാർത്ഥന തുടങ്ങുമ്പോഴേ പള്ളിയിലെത്താനും, ഏറ്റവും പുറകിൽ നിന്ന് വിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്ന ഞാൻ സുവിശേഷ സംഘത്തിൽ വന്നതുമുതൽ ഏറ്റവും മുൻപിൽ നിന്ന് ബലിയർപ്പിക്കുവാനും വിശുദ്ധ കുർബാനയിൽ അഭിഷേകത്തോടെ പങ്കെടുക്കാനും സാധിച്ചു. സുവിശേഷത്തിനായി ഇറങ്ങിത്തിരിക്കുമ്പോൾ വില കൊടുക്കേണ്ടി വരും എന്നും തിരിച്ചറിയുകയും ‘വിളിക്കുള്ളിലെ വിളി’ സ്വീകരിച്ച് നോമ്പും ഉപവാസവും യാമ പ്രാർത്ഥനകൾ നടത്താനും നല്ല കുമ്പസാരത്തിലൂടെ സ്വയം വിശുദ്ധീകരിക്കാനും സാധിച്ചു. ഭയവും ഉത്കണ്ഠയും പലപ്പോഴും എന്നിൽ ഉണ്ടായിരുന്നു. ഇപ്പോൾ നല്ല ആത്മധൈര്യത്തോടും പ്രത്യാശയോടും ജീവിക്കുവാനും പരിശുദ്ധാത്മാവിൽ കൂടുതൽ ശക്തിപ്പെടാനും സാധിച്ചു. ഓരോ ക്ലാസും ആസ്വാദനവും അറിവും നിറഞ്ഞതായിരുന്നു. ക്ലാസ് എടുക്കാൻ വന്ന ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, ബ്രദർ ഇവരോടുള്ള ആത്മാർത്ഥമായ സ്നേഹവും കരുതലും മറക്കാനാവുന്നതല്ല. ഞങ്ങൾക്ക് ക്ലാസിനിടയിൽ ഉണ്ടാകുന്ന ചെറിയ കാര്യങ്ങൾ പോലും സൂക്ഷ്മതയോട് ശ്രദ്ധിച്ച് പരിഹരിച്ച് തരുന്ന ബഹുമാനപ്പെട്ട ആന്റണി പിതാവിനെ നന്ദിയോടെ ഓർക്കുന്നു. എല്ലാറ്റിനുമുപരി 72 പേരെ യേശു തിരഞ്ഞെടുത്ത് സുവിശേഷത്തിനായി കൈവെച്ച് അയച്ചതുപോലെ എനിക്കും ഈ കൈവെപ്പിലൂടെ ലഭിച്ച അനുഗ്രഹങ്ങളും, എന്റെ പേരും സ്വർഗ്ഗത്തിൽ എഴുതി ചേർക്കപ്പെടാനും ഇതിലൂടെ സാധിച്ചു. ഭൗതികമായുള്ള നേട്ടങ്ങളിൽ എടുത്ത് പറയാനുള്ളത് കുടുംബജീവിതത്തിൽ കൂടുതൽ അഭിഷേകമുണ്ടായി. ഔദ്യോഗിക ജീവിതം കൂടുതൽ അനുഗ്രഹമായി. മക്കൾക്ക് രണ്ടുപേർക്കും നല്ല വിദ്യാഭ്യാസവും, മകൾ നല്ലൊരു ഡെന്റിസ്റ്റ് ആകുകയും മകൻ എം ബി എ പാസായി ദുബായിൽ ജോലിയിലും പ്രവേശിച്ചു. ദൈവാനുഗ്രഹമുള്ള നല്ലൊരു മരുമകനെയും ഒരു കൊച്ചു മകനെയും ദൈവം തന്നു. കൂടാതെ അനവധി നന്മകളാൽ നിറയ്ക്കുന്നു. എല്ലാത്തിനും സർവ്വശക്തനായ ദൈവത്തിനും പരിശുദ്ധ അമ്മയ്ക്കും തിരുകുമാരനും നന്ദി പറയുന്നു.

അനുഭവ സാക്ഷ്യം

വചനത്തിലൂടെ സ്വയ വിശുദ്ധീകരണം

സി. ഡോ. ദിവ്യാ ജോസ് ഡി. എം.
സഭാതല സുവിശേഷസംഘാംഗം, ഏഴാം ബാച്ച്

“അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു’’ (യോഹ 17: 19). സ്വയവിശുദ്ധീകരണത്തിലൂടെ വചനത്തിന്റെ ജീവിക്കുന്ന സാക്ഷിയാകുവാൻ വചനം പങ്കുവയ്ക്കുന്നതിൽ ആനന്ദം കണ്ടെത്തുവാൻ സുവിശേഷസംഘത്തിലേക്കുള്ള കടന്നുവരവിലൂടെ കൂടുതലായി സാധിക്കുന്നു. സുവിശേഷസംഘം, ഇത് ഒരു ശിക്ഷണപ്രക്രിയയാണ്. അനുഗ്രഹത്തിന്റെ ചടവിട്ടുപടിയിൽ തുറന്നിടുന്ന ആത്മാവിന്റെ ശിക്ഷണം. ക്രിസ്തുവും ഞാനും തമ്മിലുള്ള ബന്ധത്തെ ഊട്ടിഉറപ്പിക്കുന്ന ആത്മാവിന്റെ ശിക്ഷണം, പരിശീലനം, പ്രാർത്ഥനയിലും ഉപവാസത്തിലും വചനം പഠിക്കുന്നതിലും കുറച്ചുകൂടി തീക്ഷ്ണതയും ജീവിതത്തിന്റെ എല്ലാ അവസരങ്ങളിലും വചനം മുറുകെ പിടിക്കുവാനുമുള്ള പ്രചോദനം സുവിശേഷസംഘാംഗത്വം പ്രദാനം ചെയ്തു.

ദൈവവചനത്തിന്റെ സാക്ഷികളും പ്രഘോഷകരുമാകുക എന്നത് മേരി മക്കളുടെ കാരിസത്തിൽ ഉൾച്ചേർന്നിരിക്കുന്ന തനിമയാണ്. അതിനൊരു പൂർണത നൽകുവാൻ വിശുദ്ധജീവിതത്തിലൂടെ സാക്ഷിയാകുവാൻ സാക്ഷ്യജീവിതത്തിലൂടെ പ്രഘോഷിക്കുവാൻ എന്നെ ഏറെ സ്നേഹിക്കുന്ന നല്ല തമ്പുരാൻ അധികാരികളിലൂടെ സുവിശേഷസംഘത്തിൽ അംഗമാകുവാൻ എന്നെ തെരഞ്ഞെടുത്തത് ദൈവത്തിന്റെ പ്രത്യേക വിളിയും നിയോഗവുമായി കാണുന്നു.

സുവിശേഷ സംഘാംഗത്വം ക്രിസ്തുവിന് വേണ്ടി പലതും വേണ്ടെന്ന് വയ്ക്കാൻ, ക്രിസ്തുവിന് വേണ്ടി വില കൊടുക്കൽ ക്രിസ്തുവിനോടുള്ള സ്നേഹം എന്നെ നിർബന്ധിക്കുന്നു. എന്നെ ഒരു സുവിശേഷ സംഘാംഗമാക്കുവാൻ പരിശീലിപ്പിച്ച് മാർഗ്ഗനിർദേശങ്ങൾ നൽകിയ പിതാക്കന്മാർ, വൈദികർ, സന്യസ്തർ എല്ലാവരെയും നന്ദിയോടെ ഓർത്തു പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ലഭിച്ച ഈ പുതിയ പെന്തക്കോസ്ത അനുഭവത്തിനായി നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. അശരണരെ ചേർത്ത് നിർത്തുവാനും വിശുദ്ധമാകുവാനും ആധ്യാത്മികത നഷ്ടപ്പെട്ട് ഇരുളിൽ കഴിയുന്നവർക്ക് വെളിച്ചമാകുന്ന ക്രിസ്തുവിനെ നൽകുവാനും ദുഃഖാവസ്ഥയിലിരിക്കുന്നവർക്ക് ആശ്വാസം നൽകുവാനും രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും സാധിക്കുന്നത് ദൈവനിയോഗമായി ഞാൻ കാണുന്നു. ദൈവം വിളിച്ചു വേർതിരിച്ച വിളിയോടു വിശ്വസ്തത പുലർത്തിക്കൊണ്ട് സുവിശേഷത്തിൽ ജീവിച്ചുകൊണ്ട് സുവിശേഷത്തിന്റെ പരിമളം ആകുവാൻ എല്ലാ സുവിശേഷ സംഘാംഗങ്ങൾക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സുവിശേഷ സന്ധ്യ

എല്ലാ ചൊവ്വാഴ്ചകളിലും
വൈകീട്ട് 7 മുതൽ 8.15 വരെ

Meeting ID : 843 8415 227
Passcode : 861141

ഇനി ഒരു ജീവിതം ഉണ്ടെങ്കിൽ

ജോസഫ് (ജയൻ)
സുവിശേഷസംഘാംഗം,
തിരുവല്ല അതിഭദ്രാസനം മൂന്നാം ബാച്ച്

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു.

ഹൈന്ദവ പാരമ്പര്യത്തിൽ ജനിച്ചു വളർന്ന ഞാൻ അടുത്തുള്ള രണ്ട് അമ്പലത്തിൽ പോയിട്ടുവന്നിട്ടേ ഭക്ഷണം കഴിക്കുമായിരുന്നുള്ളൂ. കുടുംബത്തിൽ സർപ്പത്തിന്റെ അമ്പലം. അച്ചന്മാരെയും സിസ്റ്റേഴ്സിനെയും ഇഷ്ടമില്ലായിരുന്നു.

എന്നാൽ 2000-മാണ്ട് ഓഗസ്റ്റിൽ കളത്തിപ്പടി ഇടവകയിൽ മാമോദിസ സ്വീകരിച്ച് ക്രിസ്തുവിനെ അറിയുന്നു. ക്രിസ്ത്യാനി ആയതിനാൽ ബന്ധുക്കളുടെ കളിയാക്കലുകളും ഒറ്റപ്പെടുത്തലുകളും ഉണ്ടായിരുന്നു. എന്നാൽ ഞാൻ പള്ളിയോട് ചേർന്നുനിന്ന് പള്ളിയുടെ എല്ലാ കാര്യങ്ങളിലും വികാരി അച്ചനോടും കമ്മിറ്റിക്കാരോടും ചേർന്ന് നിന്ന് പ്രവർത്തിച്ചു

വചനം കേട്ട് അതനുസരിച്ച് ഒരു ജീവിതക്രമം വരുത്തുവാൻ സാധിച്ചു. വചനം മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുവാനും നമുക്ക് കടമയുണ്ട്.

അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ ക്ലാസുകൾ വളരെയധികം എന്നെ സ്വാധീനിച്ചു. ക്ലാസുകൾ എടുത്ത സിസ്റ്റർ മേരി പ്രസാദ്, സിസ്റ്റർ സോഫിയ പോൾ, ബഹുമാനപ്പെട്ട കല്ലിൽ അച്ചൻ, ബെനഡിക്ട് അച്ചൻ എന്നിവരുടെ സമർപ്പണം എന്നിൽ വളരെ സ്വാധീനം ചെലുത്തി. 2023 ഫെബ്രുവരി 14ന് മൂന്നാം ബാച്ചിൽ എനിക്ക് സെന്റ് ജോൺസ് കത്തീഡ്രലിൽ വെച്ച് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിൽ നിന്ന് കൈവെയ്പ്പു കിട്ടി.

ഇത് ദൈവത്തിന്റെ ഒരു പദ്ധതിയായി കരുതുന്നു. രോഗികളെ സന്ദർശിക്കാനും ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ കണ്ട് അവർക്ക് ആവശ്യമായ സഹായം ചെയ്ത് കൊടുക്കാനും താൽപര്യം ഉണ്ട്.

എന്റെ വികാരിയച്ചൻ ജസ്റ്റിൻ ഒ.ഐ.സി. എല്ലാ പ്രോത്സാഹനവും തരുമായിരുന്നു. ഇടവകയിൽ കൈവെയ്പ്പ് കിട്ടിയകാര്യം വിളിച്ചുപറയുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

'എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളത് എല്ലാം തരും എന്ന വചനം ഏറ്റെടുത്ത് പ്രാർത്ഥിക്കുമായിരുന്നു'.

2018 ൽ എന്റെ ഇടവകയിൽ രണ്ടാം ബാച്ചിന്റെ കൈവെയ്പ്പു കിട്ടിയ സന്തോഷം അറിഞ്ഞിട്ടാണ് ഞാൻ സുവിശേഷസംഘത്തിൽ ചേർന്നത്. കമ്പനി ജോലിയായിരുന്നു എനിക്ക്. ഷിഫ്റ്റ് അഡ്ജസ്റ്റ് ചെയ്താണ് ക്ലാസിൽ പങ്കെടുത്തത്. നൈറ്റ് ഷിഫ്റ്റ് കഴിഞ്ഞ് ക്ലാസ്സിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ വചനം കേൾക്കുമ്പോൾ ഉറക്കം മാറും. സുവിശേഷ സംഘത്തിൽ വന്നെത്തിയതിൽ പിന്നെ ചിട്ടയായ ജീവിതം ക്രമപ്പെടുത്തി. ഇപ്പോൾ രാവിലെയും വൈകിട്ടും തിരി കത്തിച്ചു വെച്ച് പ്രാർത്ഥിക്കുന്നുണ്ട്.

''നിങ്ങൾ വചനം കേൾക്കുക മാത്രംചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ'' (യാക്കോ. 1:22).

ഈ വലിയ നോമ്പുകാലത്ത് കൂടുതൽ തിഷ്ണതയോടെ നോമ്പ് എടുക്കുവാനും വർജ്ജിക്കേണ്ടതായ മത്സ്യം മാംസം എന്നതിലുപരി എന്റേതായ ഒരു വേണ്ടാത്ത സ്വഭാവം ഈ നോമ്പിൽ എന്നേക്കുമായി മാറ്റുവാൻ പരിശ്രമിച്ച് യഥാർത്ഥ നോമ്പ് ആചരിക്കുന്നു.

ഇനി ഒരു ജീവിതം ഉണ്ടെങ്കിൽ ക്രിസ്തുവിനോട് ചേർന്ന് പോകുവാൻ കഴിയണം എന്നാണ് എന്റെ ആഗ്രഹം. പരിശുദ്ധ അമ്മയോടും സകല വിശുദ്ധരോടും ചേർന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥന എപ്പോഴും എനിക്കുണ്ടായിരിക്കണം.

സുവിശേഷസംഘ സംഗമം, പത്തനംതിട്ട ഭദ്രാസനം

പരിശീലനം പൂർത്തിയാക്കി കൈവയ്പ് സ്വീകരിച്ച സഭാതല ഏഴാം ബാച്ചിന്റെ സംഗമം, കാതോലിക്കേറ്റിൽ

ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു

1. **എളിമയെപ്പറ്റി :** "ചെറിയവരായില്ലെങ്കിൽ വളരാൻ പറ്റില്ല".
2. **സ്നേഹത്തെപ്പറ്റി :** "ശരിയായ സ്നേഹം നന്മ ചെയ്യുമ്പോൾ വരുന്ന വേദനകളെ ശ്രദ്ധിക്കുന്നില്ല".
3. **ക്രിസ്തു കേന്ദ്രീകൃതമാകുന്നതിനെപ്പറ്റി :** "ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമാകുമ്പോൾ നമ്മൾ നിരാശരാകേണ്ടിവരില്ല".
4. **ഹൃദയം തുറക്കുന്നതിനെപ്പറ്റി :** "ഹൃദയം അടയ്ക്കരുത്. നമ്മുടെ ഹൃദയം കല്ലുകൊണ്ടുണ്ടാക്കിയതാണെങ്കിൽ, ആ കല്ല് നമ്മുടെ കയ്യിലെത്തും. എറിയാൻ നമ്മൾ കാത്തിരിക്കും".
5. **കുടുംബ ജീവിതത്തെപ്പറ്റി :** "നല്ല ഒരു കുടുംബ ജീവിതത്തിലേക്കുള്ള പാതതുറക്കാൻ ഈ വാക്കുകൾ പറയണം: ദയവായി സഹായിക്കാമോ, ഒത്തിരി നന്ദിയുണ്ട് കേട്ടോ, എന്നോട് ദയവുണ്ടായി ക്ഷമിക്കുക".
6. **ആത്മവിശ്വാസത്തെപ്പറ്റി :** "ആത്മവിശ്വാസമില്ലാതെ തുടങ്ങിയാൽ നാം പകുതി തോറ്റുകഴിഞ്ഞു. നമ്മൾ നമ്മുടെ കഴിവുകളെല്ലാം കുഴിച്ചുമൂടും".
7. **ദൈവസ്നേഹത്തെപ്പറ്റി :** "ദൈവം സ്നേഹിച്ച് മടുക്കുന്നില്ല". ദൈവം ക്ഷമിച്ചും മടുക്കിന്നില്ല.
8. **സഭയെപ്പറ്റി :** സഭ വാതിൽ തുറന്നിടുകയും സ്വീകരിക്കുകയും സ്വാഗതം പറയുകയും ചെയ്താൽപ്പോരാ. പുതിയ വഴികൾ കണ്ടെത്തണം: വിശുദ്ധ കുർബാനയ്ക്ക് വരാത്തവരുടെ അടുത്ത് എത്താൻ, വിട്ടുപോയവരെ കണ്ടെത്താൻ, താല്പര്യമില്ലാത്തവരെയും ചേർത്തുപിടിക്കാൻ".
9. **സമാധാനത്തെപ്പറ്റി :** "സംഭാഷണം ഇല്ലാത്ത സ്ഥലങ്ങളിൽ സമാധാനം വസിക്കില്ല".
10. **വീണുപോകുന്നതിനെപ്പറ്റി :** "വഴിയിൽ തളർന്ന് വീണുപോകുന്നതല്ല പ്രശ്നം, വീണിടത്ത് നിന്ന് എഴുന്നേൽക്കാത്തതാണ്. വീണിടത്തു നിന്നു എഴുന്നേൽക്കുന്നതാണ് പ്രധാനം".

തയ്യാറാക്കിയത് : **ഡോ. ജോജു ജോൺ**
ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

PATRIARCH CARDINAL MOUSSA DAOUD HALL

വൈദികരുടെ തുടർ പരിശീലന സമയത്ത് നടത്തിയ ലെക്സിയോ ദിവീന

സന്യാസ ജീവിതത്തിന്റെ
25 വർഷങ്ങൾ പൂർത്തിയാക്കി
ജൂബിലി ആഘോഷിക്കുന്ന
സിസ്റ്റർ ഡോ. മേരി പ്രസാദ് DM ന്
സുവിശേഷസംഘത്തിന്റെ
പ്രാർത്ഥനാശംസകൾ

Printed and Published by Fr. Benedict Moozhikkara OIC, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 8281512877 Email : suvi.sangam21@gmail.com. Printed at St. Joseph's Press, Trivandrum-14